# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടവ്കോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-251/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി1)-251/22 തീയ്യതി: 11/04/2023

## എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ,
ശ്രീ. റഷീദ്. സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ. വിജു.എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ. ഹരീഷ്.പി.ആർ, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സോണിയ മുരുകേശൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പ്രസാദ് പി എൻ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു ബേബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ സുരേഷ്കുമാർ പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 01-04-2021 | 14-05-2021 |
| ശ്രീ. സന്തോഷ്.കെ.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-05-2021 | 31-03-2022 |
| ശ്രീ മനോജ് ജോസഫ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ആഷാ പോൾ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ സുബിൻ കൃഷ്ണൻ ടി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ ലെന മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 30-04-2021 |
| ഡോ.ബിന്ദു.എസ്.ഭാസ്കരൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) (അഡീഷണൽ ചാർജ്ജ്) | 01-05-2021 | 11-05-2021 |
| ഡോ. ശ്രീജിത്ത്.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-05-2021 | 11-12-2021 |
| ഡോ.ബിന്ദു.എസ്.ഭാസ്കരൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-12-2021 | 31-03-2022 |
| ഡോ. ബിജി എലിസബത്ത് | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 24-12-2021 |
| ഡോ. സിനി ഡാനിയേൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 25-12-2021 | 13-01-2022 |
| ഡോ.ജയൻ എ.എ. | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 14-01-2022 | 09-03-2022 |

| | | | |
|---|---|---|---|
| ഡോ. സിനി ഡാനിയേൽ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 10-03-2022 | 31-03-2022 |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷ | വി.ഇ.ഒ., പുത്തൻകുരിശ് | 01-04-2021 | 02-02-2022 |
| ശ്രീമതി. ടെസ്സ് ടെരിറ്റ മേരി | വി.ഇ.ഒ., പുത്തൻകുരിശ് (അഡീഷണൽ ചാർജ്ജ്) | 03-02-2022 | 20-02-2022 |
| ശ്രീമതി.ബോബി.എം.ജി | വി.ഇ.ഒ., പുത്തൻകുരിശ് | 21-02-2022 | 31-03-2022 |
| ശ്രീമതി. ടെസ്സ് ടെരിറ്റ മേരി | വി.ഇ.ഒ., അമ്പലമേട് | 01-04-2021 | 31-03-2022 |
| ശ്രീമതി. ടെൽമ പി.പി. | വി.ഇ.ഒ., വടവുകോട് | 01-04-2021 | 16-10-2021 |
| ശ്രീമതി. ജിഷ | വി.ഇ.ഒ., വടവുകോട് | 17-10-2021 | 09-11-2021 |
| ശ്രീമതി മഞ്ജുഷ.കെ.എസ്. | വി.ഇ.ഒ., വടവുകോട് | 10-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന-പരാമർശങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 13 | ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല | 1-12 |
| 14 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 1-13 |
| 15 | കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക – അപാകതകൾ | 1-14 |
| 16 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തതിലെ അപാകതകൾ | 1-15 |
| 17 | എഫ് റ്റി ഇ ഒ എസ് ലൈസൻസ് - ഫീസിനത്തിൽ വൻകുറവ് - ഇതര അപാകതകൾ | 1-16 |
| 18 | കെട്ടിട നിർമ്മാണ പെർമിറ്റ്  - അപാകങ്ങൾ | 1-17 |
| 19 | സേവന ഫീസ് - പഞ്ചായത്ത് തീരുമാനം എടുത്തിട്ടില്ല. | 1-18 |
| 20 | PRAN ലഭിച്ചില്ല-എൻ.പി.എസ്.വിഹിതം രണ്ടു വർഷത്തിലേറെയായി അടവാക്കിയിട്ടില്ല | 1-19 |
| 21 | ഇ -ടെണ്ടർ ഫീസ് ജില്ല പഞ്ചായത്ത് എക്സി.എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല | 1-20 |
| 22 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-21 |
| 23 | കന്നുകുട്ടി പരിപാലനം - ബാക്കി തുക തിരികെ ലഭിച്ചില്ല | 1-22 |
| 24 | ദിശ- സമഗ്ര വിദ്യാഭ്യാസ പദ്ധതി-സ്കോളർഷിപ്പ് നല്കി | 1-23 |
| 25 | റ്റി.ബി രോഗികൾക്കുള്ള പോഷകാഹാര വിതരണം. രേഖകൾ ലഭ്യമാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 26 | വാഴകൃഷി വികസനം-വളം വാങ്ങൽ- അധിക തുക അനുവദിച്ചു | 1-25 |
| 27 | ആട് വിതരണം അധിക തുക അനുവദിച്ചു. | 1-26 |
| 28 | വനിതകൾക്ക് അടുക്കളത്തോട്ടം- ഗ്രോ ബാഗ് വാങ്ങൽ- അധിക തുക അനുവദിച്ചു | 1-27 |
| 29 | പുതിയ ബോർവെൽ നിർമ്മാണം - പദ്ധതി നടത്തിപ്പ് അപൂർണ്ണം | 1-28 |
| 30 | ബുക്ക് ഷെൽഫ് വാങ്ങൽ - വലിയ തുക ചെലവഴിച്ചു | 1-29 |
| 31 | ബ്രഹ്മപുരം ശ്മശാനം - പ്രവർത്തന സജ്ജമാക്കണം | 1-30 |
| 32 | മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ലഭ്യമായില്ല | 1-31 |
| 33 | വിനിയോഗ വിവരങ്ങൾ ലഭ്യമല്ല | 1-32 |
| 34 | സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പിൻവലിച്ചു- പലിശ നഷ്ടം | 1-33 |
| 35 | ഓഡിറ്റ് ഇംപാക്ട് | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വനിതകൾക്ക് അടുക്കളത്തോട്ടം- ഗ്രോ ബാഗ് വാങ്ങൽ- അധിക തുക അനുവദിച്ചു | 3-1 |
| 2 | വാഴകൃഷി വികസനം-വളം വാങ്ങൽ- അധിക തുക അനുവദിച്ചു | 3-2 |
| 3 | ആട് വിതരണം അധിക തുക അനുവദിച്ചു. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 20.02.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെചേർക്കുന്നു

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 46,53,751.57 | 4,38,44,614.270 | (-)3,91,90,862.70 |
| വരവ് | 23,12,39,488.00 | 18,25,41,239.00 | (+)4,86,98,249.00 |
| ആകെ | 23,58,93,239.57 | 22,63,85,853.27 | (+)95,07,386.30 |
| ചെലവ് | 22,62,64,802.00 | 16,24,93,503.00 | (+)6,37,71,299.00 |
| നീക്കിയിരിപ്പ് | 96,28,437.57 | 6,38,92,350.27 | (-)5,42,63,912.70 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യബോധത്തോടെയും യുക്തിസഹമായും തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

2021-22 ലെ വാർഷിക ധനകാര്യപത്രിക 10.6.22 ൽ എയിംസ് മുഖേന സമർപ്പിച്ചു.

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധന-പരാമർശങ്ങൾ

1) സഹകരണ ബാങ്ക്, ചൂണ്ടി ശാഖയിൽ നിലനിൽക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 051281000000001 ൽ 31.3.22ൽ 3,05,533/-രൂപ നീക്കിയിരിപ്പുണ്ട്. 21.5.08 ൽ തുടങ്ങിയ ടി ബാങ്ക് അക്കൗണ്ടിൽ നിലവിൽ പണമിടപാടുകളൊന്നും ഇല്ല.03.6.20ൽ പലിശയിനത്തിൽ 1103/-രൂപ വരവു ലഭിച്ചിട്ടുണ്ട്. തുടർന്ന് നാളിതു വരെ ബാങ്ക് പലിശ നൽകിയിട്ടില്ല.2005 ൽ വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച 729 നമ്പരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും 09.7.16 മുതൽ പണമിടപാടുകളില്ല. പലിശ മാത്രമേ ക്രെഡിറ്റ് ചെയ്യുന്നുള്ളൂ. 31.3.22ൽ 5695/- രൂപയാണ് പാസ്ബുക്ക് നീക്കിയിരിപ്പ്. 11.11.1998ൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,പുത്തൻകുരിശ് ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ- 338802010009336 (സാക്ഷരത)ലെ 31.3.22 ലെ നീക്കിയിരിപ്പ് 1,70,966/-രൂപയാണ്.ഓഡിറ്റിൽ ഹാജരാക്കിയ ബാങ്ക് പാസ് ബുക്ക് 06.02.2008 മുതലുള്ളതാണ്.ടി തീയതി മുതൽ പലിശ വരവ് മാത്രമേയുള്ളൂ.മറ്റു പണമിടപാടുകൾ ഇല്ല.

നിഷ്ക്രിയമായിട്ടുള്ള മേൽ നമ്പരിലുള്ള ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സഹകരണ ബാങ്ക്, ചൂണ്ടി ശാഖയിലെ അക്കൗണ്ടിൽ വരവ് വരേണ്ടിയിരുന്ന പലിശ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി-ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (നം.799011400000842)31.3.22 ൽ 36,291/- രൂപയാണ് നീക്കിയിരിപ്പ്. നിലവിൽ അക്കൗണ്ടിൽ പണമിടപാടുകളൊന്നും ഇല്ല. എന്നാൽ 21-22 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320700204 ഹെഡിൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നുമുള്ള ജോയിന്റ് വെഞ്ചർ പ്രൊജക്ട് ഫണ്ട്(റവന്യൂ ചെലവുകൾക്ക്) 8,25,000/-രൂപയും 320700304 ഹെഡിൽ ബ്ളോക്ക് പഞ്ചായത്തിൽ നിന്നുമുള്ള ജോയിന്റ് വെഞ്ചർ പ്രൊജക്ട് ഫണ്ട് (മൂലധന ചെലവുകൾക്ക്) 14,00,000/- രൂപയും നീക്കിയിരിപ്പുണ്ട്.ഇപ്രകാരം ആകെ 22,25,000/-രൂപ ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് വരണമെങ്കിലും ടി അക്കൗണ്ടിൽ 36291/-രൂപ മാത്രമേയുള്ളൂ. 22,25,000/-രൂപ നിക്ഷേപിച്ചിട്ടുള്ളത് തനത് ഫണ്ട് അക്കൗണ്ടിലാണെന്നും 14,00,000/-രൂപ2017-18ൽ ബയോ കമ്പോസ്റ്റ് ബിൻ പദ്ധതിയ്ക്കായും 7,00,000/-രൂപ ഓ.ഡി.എഫ് പദ്ധതിക്കായും ബ്ളോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതാണെന്നും ടി തുകകൾ ഉപയോഗിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മറ്റിയുടെ അംഗീകാരത്തോടെ മാലിന്യ നിർമ്മാർജനവുമായി ബന്ധപ്പെട്ട പദ്ധതി 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കുന്നതാണെന്നും 32/15.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. 1,25,000/-രൂപ 31.3.12ലെ ക്ളോസിംഗ് ബാലൻസായി അക്കൗണ്ടിൽ കാണിച്ചിരുന്നതാണെന്നും തുക ഏതാവശ്യത്തിനായി ലഭ്യമായതാണെന്ന് വ്യക്തമല്ലാത്തതിനാൽ തുക തിരികെ അടവാക്കുന്നതിനോ മറ്റ് പദ്ധതികൾക്കായി വകയിരുത്തുന്നതിനോ സാധിച്ചിട്ടില്ല എന്നും അറിയിച്ചു.

3) ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320800101 ഹെഡിൽ 14,46,918/- രൂപ നീക്കിയിരിപ്പുണ്ട്.ടി തുകയിൽ 1,12,940/-രൂപ 21-22 വർഷം വിവിധ പദ്ധതികൾക്കായി ഗുണഭോക്താക്കൾ അടവാക്കിയ തുകയാണ്. ബാക്കി 13,33,978/-രൂപ ടി ഹെഡിൽ ബാലൻസ് വന്നതെങ്ങനെയെന്ന് മുൻ വർഷങ്ങളിലെ ലഡ്ജർ പരിശോധിച്ച് കണ്ടെത്തേണ്ടതും ചെലവിനു ശേഷം ലയബിലിറ്റി ഹെഡിൽ നിന്നും തുക കുറവ് ചെയ്യാൻ വിട്ടു പോയതാണെങ്കിൽ ടി അപാകത പരിഹരിക്കേണ്ടതും ചെലവഴിക്കാത്ത തുക ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തുക തിരികെ നൽകുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

4) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ 320800199ഹെഡിൽ 21,39,574/-രൂപ സി.എസ്.ആർ ഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ട്. ഫിലിപ്സ് കാർബൺ കമ്പനിയിൽ നിന്നും വാർഡ് 7 ലെ ചോയിക്കരമുകൾ കുടിവെള്ള പദ്ധതിക്കായി ലഭിച്ച 20,00,000/- രൂപ ടി തുകയിൽ ഉൾപ്പെടുന്നു.ടി പദ്ധതിയ്ക്കായി 20,00,000/-രൂപയിലും അധികരിച്ച് തുക ആവശ്യമുണ്ടെന്നും ആയത് കണ്ടെത്താൻ സാധിക്കാത്തതിനാൽ പ്രൊജക്ട് നാളിതു വരെ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തതിനാലാണ് ബാലൻസ് നിലനിൽക്കുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചത്.ടി ഹെഡിലെ ബാക്കി തുക 139574/-രൂപ സ്കൂളുകളുടെ മെയിന്റനൻസിനായി ലഭിച്ച തുകയിൽ നിർവ്വഹണ ശേഷം വന്ന ബാക്കി തുകയാണെന്നും ഇതേ ആവശ്യത്തിനായി ഭാവിയിൽ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ടി തുക വകയിരുത്തുന്നതാണെന്നും അറിയിച്ചു.

5)ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ 460100199- Other Advances എന്ന ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ 20.3.20 ൽ UBI തനത് ഫണ്ടിൽ നിന്നും കുഴിക്കാട്-വരിക്കോലി റോഡ് നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് മുൻകൂർ നൽകിയ 6,81,242/- രൂപ ബി.പി.സി.എൽ സി.എസ്.ആർ. ഫണ്ടിൽ നിന്നും തിരികെ തനത് ഫണ്ടിലേക്ക് ലഭ്യമാക്കി അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ആയത് സി.എസ്.ആർ.ഫണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മാറ്റിയിടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

6) B-9 ഷെഡ്യൂൾ 350400199 -Refunds Payable -Other Taxesഎന്ന ഹെഡിൽ ഫോറസ്റ്റ് ടാക്സ്,ടിമ്പർ ടാക്സ് എന്നീ ഇനങ്ങളിൽ 10,131/- രൂപ സർക്കാരിലേക്ക് അടവാക്കാതെ നിലനിൽക്കുന്നു.ആയത് അടവാക്കേണ്ടതാണ്.

7) B-9 ഷെഡ്യൂൾ 350409901- Refund Payable-others-ഹെഡിൽ 3,78,600/-രൂപ ബാദ്ധ്യതയായി

നിലനിൽക്കുന്നു.ടി തുകയിൽ ഉൾപ്പെട്ട,പ്രൊജക്ട് നമ്പർ-107/17പ്രകാരം പ്ളാൻ ഫണ്ടിൽ നിന്നും കൂടുതലായി ചെലവഴിച്ച 340500/-എന്ന തുക 29.9.22 ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കിയതായി അറിയിച്ചു. ബാക്കിയുള്ള 38100/-രൂപ പന്നിക്കുഴി അംഗനവാടി ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തിയുടെ ഭാഗമായി 23.9.19ൽ പി.ഡബ്ളിയു.ഡി.ഇലക്ട്രിക്കൽ വിംഗ് എക്സി.എൻജിനീയർ തനത് ഫണ്ടിലേക്ക് അടവാക്കിയതാണെന്നും ടി പ്രവൃത്തിയ്ക്കായി ഏതു ഫണ്ടിൽ നിന്നുമാണ് ചെലവ് ചെയ്തതെന്ന് പരിശോധിച്ച് തുക അടവാക്കുന്നതിനുള്ള /മാറ്റിയിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

8) B-9 ഷെഡ്യൂൾ 350300199-Government And Other Dues Payable-others -എന്ന ഹെഡിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ ബുക്കിംഗുമായി ബന്ധപ്പെട്ട് വിവിധ വ്യക്തികൾ അടവാക്കിയ ലക്ഷ്വറി ടാക്സ്, സർവ്വീസ് ടാക്സ് എന്നിവ സർക്കാരിലേക്ക് അടവാക്കാതെ നിലനിർത്തിയിരിക്കുന്നു. ടി ഹെഡിൽ 2013 വർഷം മുതലുള്ള തുക കാണുന്നതിനാൽ പരിശോധിച്ച് തുകകൾ തിരിച്ച് അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചു. തുകകൾ തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹43844614.27 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹182541239/- |
| ആകെ | ₹226385853.27 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹162493503/- |
| നീക്കിയിരിപ്പ് | ₹63892350.27 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹120330/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1176286/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ)* | 0 | 75,49,068 | 75,49,068 | 75,43,339 | 0 | 5729 |
| വികസന ഫണ്ട്** (എസ്.സി.പി) | 0 | 10314685 | 10314685 | 9544416 | 0 | 770269 |
| വികസനഫണ്ട്*** (ടി.എസ്.പി) | 0 | 97447 | 97447 | 66645 | 0 | 30802 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 20691623 | 20691623 | 12568000 | 0 | 8123623 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)) | 0 | 5393315 | 5393315 | 3516000 | 0 | 1877315 |
| സി.എഫ്.സി ഗ്രാന്റ്(കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 1517032 | 1517032 | 1387839 | 0 | 129193 |
| സി.എഫ്.സി -പെർഫോർമൻസ് ഗ്രാന്റ് (കൺസോളിഡേറ്റഡ് ഫണ്ട്) | 0 | 3754292 | 3754292 | 3314327 | 0 | 439965 |
| സി.എഫ്.സി – ബേസിക്ക് അൺടൈഡ് ഗ്രാന്റ് **** | 0 | 2463517 | 2463517 | 2007976 | 455541 | |
| സി.എഫ്.സി -ടൈഡ് ഗ്രാന്റ്***** | 0 | 3639000 | 3639000 | 1770339 | 1868661 | |
| എൻ.ആർ.ഇ.ജി.എസ് 320100101 – Establishment | 17365 | 415151 | 432516 | 431786 | 730 | |
| ഐ.സി.ഡി.എസ്-കേന്ദ്ര വിഹിതം****** 320100121 | 3369794.83 | 892195 | 4261989.83 | 3092426 | 1169563.83 | |
| വിമുക്തി 320100299 | 5915 | 0 | 5915 | 0 | 5915 | |
| ശുചിത്വ മിഷൻ ഫണ്ട് 320200322 | 4996148 | 170000 | 5166148 | 2048328 | 3117820 | |
| ലൈബ്രറി ഗ്രാന്റ് 320200308 | 29190 | 29800 | 58990 | 32930 | 26060 | |
| സാക്ഷരത 320200309 | 165973 | 4993 | 170966 | 0 | 170966 | |
| സി.എസ്.ആർ.ഫണ്ട്-ബി.പി.സി.എൽ കൊച്ചി റിഫൈനറി 320200399 | 17205300 | 19149127 | 36354427 | 22925101 | 13429326 | |
| സി.എസ്.ആർ.ഫണ്ട്-ഫിലിപ്സ്കാർബൺ കമ്പനി(320800199) | 2139574 | 442444 | 2582018 | 442444 | 2139574 | |
| ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിഹിതം(320400199) | 0 | 10700000 | 10700000 | 3269106 | 7430894 | |
| അമൃത കടീരം ഭവന പദ്ധതി 320200307 | 0 | 1600000 | 1600000 | 0 | 1600000 | |
| ദുരിതാശ്വാസ നിധി 311100101 | 13536 | 407 | 13943 | 0 | 13943 | |

*ജി.ഓ.പ്രൊജക്ട്-5483661/-

**ജി.ഓ.പ്രൊജക്ട്-1003584/-

***ജി.ഓ.പ്രൊജക്ട്-63355/-

****ബാങ്ക് പലിശ-37517/- വരവിൽ ചേർത്തു, ബാങ്ക് ചാർജ്-124/- ചെലവിൽ ഉൾപ്പെടുത്തി

*****ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ -662920 /-

******ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - 731579/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 283 | 383226601 | 203 | 130629493 | 88 | 115 | 80 | 40.63% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 17365 | 415151 | 432516 | 431786 | 730 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13303658 | 13303658 | 13303658 | 0 |
| ആകെ | 17365 | 13718809 | 13736174 | 13735444 | 730 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4149600 | 252 |
| വിധവ പെൻഷൻ | 15714600 | 1006 |
| വാർദ്ധക്യകാല പെൻഷൻ | 24237500 | 1719 |
| വികലാംഗ പെൻഷൻ | 3375100 | 235 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 812400 | 57 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58,034/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് എത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടാണ് പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നത്.

വൗച്ചറുകളുടെ സൂക്ഷിപ്പ്

ഓഡിറ്റ് കാലയളവിലെ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ വൗച്ചറിനൊപ്പം അനുബന്ധമായി സൂക്ഷിക്കുന്നുണ്ട്. ബിൽ രജിസ്റ്ററുകളിൽ വിവരങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ട്.

ഓഫീസ് മീറ്റിംഗുകൾ

2021 – 22 വർഷത്തിൽ പ്രതിമാസ യോഗങ്ങൾ മിക്കവാറും എല്ലാമാസവും ചേരുന്നുണ്ട്. യോഗങ്ങളിൽ ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, അവയുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുപോരുന്നുണ്ട്. യോഗ മിനിറ്റ്സുകൾ വിവരങ്ങൾ ചേർത്ത് സുതാര്യമായി പരിപാലിക്കുന്നുമുണ്ട്.

ജീവനക്കാരുടെ ജോലി വിഭജന വിവരങ്ങൾ ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2021മുതൽ 05.08.2021വരെ | 01.01.2021-31.07.2021 | 26.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.08.2007 മുതൽ 11.09.2007 വരെ | 1996-97 മുതൽ 2006-07 വരെ | 11.10.2007 |

## 1-11 തൊഴിൽ നികുതി - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായുള്ള രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല. ടി സ്ഥാപനങ്ങൾ സമർപ്പിച്ച തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകളും ഫയലിൽ ലഭ്യമല്ല. പ്രസ്തുത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പീപിൾസ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.51 | II |
| 2 | ഫാക്റ്റ് കോ-ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡ് ആർ.ഇ-285 | I, II |
| 3 | ജോയിന്റ് ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് | II |
| 4 | ബി.എസ്.എൻ.എൽ | I, II |
| 5 | എഞ്ചിനീയേഴ്സ് ഇൻഡ്യ ലിമിറ്റഡ് | II |
| 6 | യു.വി.ജെ ടെക്നോളജീസ് | II |
| 7 | ഇവാജലീൻ ബൂത്ത് ജനറൽ ഹോസ്പിറ്റൽ | I, II |
| 8 | എച്ച്.ഒ.സി എംപ്ലോയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 9 | കുടുംബശ്രീ, സി.ഡി.എസ് | II |
| 10 | നെറ്റ് സെന്റ്റീസ് ഇൻഫോ സെക്ക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 11 | കേരള സംസ്ഥാന ബീവറേജസ് കോർപ്പറേഷൻ | II |
| 12 | സിംപ്ലെക്സ് ഇൻഫ്രാ സ്ട്രക്ച്ചർ ലിമിറ്റഡ് | I, II |
| 13 | ഇൻസാർക്ക് എഞ്ചിനീയർസ് & ഡെവലപ്പേഴ്സ് | I, II |
| 14 | സ്ട്രീം പെർഫെക്റ്റ് ഗ്ലോബൽ സർവ്വീസസ് | I, II |
| 15 | ജീനിയസ് കൺസൽറ്റൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 16 | യെസ് യെം കൺസ്ട്രക്ഷൻ | II |
| 17 | 2 ഹാറ്റ്സ് ലോജിക്ക് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 18 | മധുര മൈക്രോ ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 19 | തെലക്കാട്ട് ഇൻഡസ്ട്രീസ് | II |
| 20 | സുപ്രീം ഫുഡ്സ് | I, II |
| 21 | സോൾവേർത്ത് ഇക്കോടെക്ക് | I, II |
| 22 | ഇഗ്നിത്തോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 23 | കെ.ആർ.ജി.എസ് എന്റർപ്രൈസ് | I, II |
| 24 | ഇൻസ്പൈയർഡ് സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ് | I, II |
| 25 | ഫിൻടെക് എഞ്ചിനീയർസ് | I, II |
| 26 | അയെഗ്രോ ബിസിനസ് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 27 | ക്ലെയ്സിസ് ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | II |

| | | |
|---|---|---|
| 28 | ഗസ്റ്റി ആക്സറോൺസ് പ്രൈവറ്റ് ലിമിറ്റഡ് | I, II |
| 29 | എ.ഐ ടോമോഹ് ഐ.ടി പ്രൈവറ്റ് ലിമിറ്റഡ് | II |
| 30 | ടെക് വെയർ ലാബ് | I, II |

2) ചില സ്ഥാപനങ്ങൾ ജീവനക്കാരടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ലിസ്സ ലത്തീഫ്, പോസ്റ്റ് ഓഫീസ്, വടവുകോട് | II | 78,600 | 750 | 600 | 150 |
| 2 | അന്ന വർഗ്ഗീസ്, പോസ്റ്റ് ഓഫീസ്, വടവുകോട് | II | 78,600 | 750 | 600 | 150 |
| 3 | ദിനേഷ്.പി.ഡി, യെസ് യെം കൺസ്ട്രക്ഷൻസ് | I | 17500 (ഒരു മാസത്തെ വരുമാനം) | 1,000 | 720 | 280 |
| 4 | ഷംസുദീൻ.വി.എസ്, യെസ് യെം കൺസ്ട്രക്ഷൻസ് | I | 17500 (ഒരു മാസത്തെ വരുമാനം) | 1,000 | 720 | 280 |
| 5 | സഞ്ജയ് താലൂക്ക്ദാർ, യെസ് യെം കൺസ്ട്രക്ഷൻസ് | I | 22000 (ഒരു മാസത്തെ വരുമാനം) | 1,250 | 1,080 | 170 |
| 6 | അരുൺ സേവ്യർ, യെസ് യെം കൺസ്ട്രക്ഷൻസ് | I | 16500 (ഒരു മാസത്തെ വരുമാനം) | 750 | 720 | 30 |
| 7 | ആഷിക്ക് കെ ഷാജു, ഇകോം എക്സ്പ്രസ് | II | 134569 | 1,250 | 1,050 | 200 |
| 8 | അതുൽ മോത്തി, പ്യൂമെക്സ് സോഫ്റ്റ് വെയർ ഡവലപ്മെന്റ് | II | 2,01,000 | 1,250 | 750 | 500 |
| 9 | പുനീത് കുമാർ, നവേന്റോ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് | I | 45,948 | 450 | 300 | 150 |
| 10 | ശാരദ കമലനാഥൻ, നവേന്റോ സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് | II | 63,534 | 600 | 450 | 150 |
| 11 | പ്രഭാകരൻ.ബി, സീലോജിക്സ് ഐ.ടി സോല്യൂഷൻസ് | II | 1,28,608 | 1,250 | 1,000 | 250 |
| 12 | വിജീഷ് വിശ്വൻ, 2 ഹാറ്റ്സ് ലോജിക് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I | 2,71,060 | 1,250 | 1,200 | 50 |
| 13 | ജോഷ്വ, 2 ഹാറ്റ്സ് ലോജിക് സോല്യൂഷൻസ് | I | 1,87,711 | 1,250 | 1,200 | 50 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രൈവറ്റ് ലിമിറ്റഡ് | | | | | |
| 14 | ബെറ്റി, 2 ഹാറ്റ്സ് ലോജിക് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് | I | 3,90,157 | 1,250 | 1,200 | 50 |
| | ആകെ | | | | | 2,460 |

3) 2 ഹാറ്റ്സ് ലോജിക് സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം തൊഴിൽ നികുതി ഇനത്തിൽ 07.10.2021 തീയതിയിലെ രസീത് നമ്പർ 121020102039 പ്രകാരം 17,003/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 33 ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ആകെ തുക 35,020/- രൂപയാണ്.

4) തൊഴിൽ നികുതി രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ എഗ്രിമെന്റ് വെച്ചിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | നന്ദകുമാർ.കെ.കെ |
| 2 | ഗിരിദാസൻ.കെ.എസ് |
| 3 | നിഷാദ്.പി.എച്ച് |
| 4 | ജോർജ്ജ്.പി.വി |
| 5 | പ്രകാശ്.എം.എം |
| 6 | ടോളി മാത്യു |
| 7 | ജോയി.വി.യു |
| 8 | സുധാകരൻ.കെ.കെ |
| 9 | സണ്ണി.കെ.എം |
| 10 | ഷാജഹാൻ.പി.കെ |
| 11 | സജി സെബാസ്റ്റ്യൻ |
| 12 | സൈമൺ കെ റെജി |
| 13 | എം.സി.കുര്യാക്കോസ് |
| 14 | പി.കെ.മുഹമ്മദ് |
| 15 | ബേസിൽ അബ്രഹാം |
| 16 | സനീഷ് മുരുകൻ |
| 17 | സി.ഒ.വർഗീസ് |
| 18 | കുരുവിള കെ റെജി |
| 19 | പോൾ ഏലിയാസ് |
| 20 | മോഹനൻ.എൻ.വി |
| 21 | ജോസ് വർഗീസ് |
| 22 | വി.സി.ജോസ് |
| 23 | അൻവർ.പി.എ |
| 24 | റെജി കെ ഡേവിഡ് |
| 25 | ശ്രീരാം കെ നന്ദൻ |

5) പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ, റേഷൻകടകൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷമുള്ള സ്ഥാപനങ്ങളുടെ

വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്.
മുകളിൽ പരാമർശിച്ച തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും, കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 119 | 3/291 ബി | സൂര്യ റബ്ബേഴ്സ് | 4 |
| 2 | 124 | 2/617 എ | ആയുർവേദ | 3 |
| 3 | 262 | 7/509 മുതൽ 514 വരെ | സഞ്ജീവനി ആയുർവേദ ഹോസ്പിറ്റൽ | 5 |
| 4 | 338 | 11/9 | ഒലീവ് ആയുർവേദ ഫാർമസി | 5 |
| 5 | 373 | 12/271 ഐ | ക്ലൗഡ് മാർക്കറ്റിംഗ് | 3 |
| 6 | 467 | 2/224 ജി | എൻ.എസ്.ഫ്യുവൽസ് | 12 |
| 7 | 482 | 10/456 ബി | ഖിംസ് എഞ്ചിനീയറിംഗ് വർക്ക്സ് | 8 |
| 8 | 484 | 12/182 | ഹോട്ടൽ കബനി റീജൻസി | 7 |
| 9 | 499 | 14/472 | ജെ.കെ.കൺസ്ട്രക്ഷൻസ് | 3 |
| 10 | 502 | 9/143 സി | ജി.എസ്.ഇൻഡസ്ട്രീസ് | 5 |
| 11 | 523 | 16/385 എ,ബി,സി | ഗ്രൂപ്പ് മുക്കാടൻ | 5 |
| 12 | 538 | 14/93 | ഫൈൻ ഫാബ് എഞ്ചിനീയറിംഗ് കൺസ്ട്രക്ഷൻസ് | 5 |
| 13 | 539 | 14/553 എ | ബ്രൈറ്റ് ഗ്ലാസ് ട്രേയ്ഡേഴ്സ് | 6 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 15.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 35 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
മുകളിൽ പരാമർശിച്ച തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 77 കെട്ടിടങ്ങൾ വാടകയ്ക്കു നൽകിയിട്ടുണ്ട്. പ്രസ്തുത സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 77 കടമുറികൾ 2021-22 സാമ്പത്തിക വർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുള്ളതിൽ ആകെ 44 വാടകക്കാരുമായി ചമച്ച വാടക കരാറുകൾ മാത്രമേ ഫയലിലുള്ളൂ. മറ്റ് വാടകക്കാരുമായി കരാർ ചമച്ചതായി കാണുന്നില്ല.

2) 2021-22 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക, വാടക രജിസ്റ്റർ എന്നിവ പ്രകാരം നടപ്പ്

സാമ്പത്തിക വർഷം വാടകയിനത്തിലെ കുടിശ്ശികയായി 454749/- രൂപയും, മുൻ സാമ്പത്തിക വർഷങ്ങളിൽ കുടിശ്ശികയായി 242823/- രൂപയും പിരിക്കുവാനുള്ളതായി കാണുന്നു.

മേൽ അപാകതകൾ സൂചിപ്പിച്ച് 14.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29 ന് മറുപടി ലഭ്യമാക്കിയതു പരിഗണിച്ച് ഒഴിവാക്കാവുന്നവ ഒഴിവാക്കിയിട്ടുണ്ട്.

പഞ്ചായത്ത് വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടകക്കാർ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നത് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മുകളിൽ പരാമർശിച്ച വാടക കുടിശ്ശിക വാടകക്കാരിൽ നിന്നും പിഴ പലിശയടക്കം ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുകകൾ അടവാക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-14 കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക – അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയറിലെ 2021-22 സാമ്പത്തിക വർഷത്തെ വസ്തു നികുതി കുടിശ്ശിക റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്തിലെ ചില കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ വളരെ നാളുകളായി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി കുടിശ്ശിക | ഈടാക്കേണ്ട കാലയളവ് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 1/458 എ76, 126.98 ച.മീ | ഷർമിള ബിജോയ് ആൻറ് ബിജോയ് കൃഷ്ണ മേനോന് | 3,204 | 2018-19 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 2 | 1/458 ഡി 36, 133.38 ച.മീ | രാജീവ്.കെ.ജെ | 6,314 | 2014-15 മുതൽ 2021-22 വരെ | പാർപ്പിടാവശ്യം |
| 3 | 2/326, 989.79 ച.മീ | ട്രസ്റ്റി, ചെറുതോട്ടുകുന്നേൽ സെന്റ് ജോർജ് പള്ളി പാരിഷ് ഹാൾ, ബ്രഹ്മപുരം | 1,66,283 | 2018-19 മുതൽ 2021-22 വരെ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ |
| | ആകെ | | 1,75,801 | | |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 13.01.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 ന് മറുപടി ലഭ്യമാക്കിയില്ല.

മുകളിൽ സൂചിപ്പിച്ച വസ്തു നികുതി കുടിശ്ശിക മുഴുവനും ഈടാക്കി ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-15 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തതിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ, സേവന സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരണപ്പെട്ടതിനു ശേഷം ചില ഗുണോഭോക്താക്കളുടെ പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിലും അവ സസ്പെന്റ് ചെയ്തിട്ടുള്ളത് പെൻഷണറുടെ മരണ തീയതി കഴിഞ്ഞ് കുറച്ച് മാസങ്ങൾക്കു ശേഷമാണ്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ അവരുടെ മരണ ശേഷവും നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര്/ പെൻഷൻ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | തുക/ അനർഹമായ കാലയളവ് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | സരസ്വതിയമ്മ, 106770200076 | 16.10.2021 | 3,200/-, ഡിസംബർ 2021 മുതൽ ജനുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 2 | അന്നമ്മ പൈലി, 106770600397 | 31.10.2021 | 3,200/-, ഡിസംബർ 2021 മുതൽ ജനുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വിധവ പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 3 | പ്രഭാകരൻ നായർ.കെ.എസ്, 106770200150 | 24.11.2021 | 1,600/-, ജനുവരി 2022 മുതൽ ജനുവരി 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 4 | രഞ്ജിനി മുരുകൻ, 106770600126 | 29.05.2021 | 27,200/-, ജൂലായ് 2021 മുതൽ നവംബർ 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വിധവ പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 5 | റോസി ജോസഫ്, 106770100154 | 26.04.2021 | 4,800/-, ജൂൺ 2021 മുതൽ ആഗസ്റ്റ് 2021 വരെ | കർഷക തൊഴിലാളി പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് |

| | | | | |
|---|---|---|---|---|
| | | | | സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 6 | മാധവൻ നായർ, 106770100438 | 28.12.2021 | 4,800/- ഫെബ്രുവരി 2022 മുതൽ ഏപ്രിൽ 2022 വരെ | കർഷക തൊഴിലാളി പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 7 | മരിയം.കെ.വി, 106770500030 | 01.02.2022 | 3,200/-, മാർച്ച് 2022 മുതൽ ഏപ്രിൽ 2022 വരെ | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 8 | കുറുംബ തേവൻ, 106770100052 | 11.03.2022 | 1,600/- ഏപ്രിൽ 2022 | കർഷക തൊഴിലാളി പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| 9 | കൗസല്യ, 106770200701 | 22.03.2022 | 3,200/- മേയ് 2022 മുതൽ ജൂൺ 2022 വരെ | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട് |
| | ആകെ | | 52,800/- | |

2) മരണപ്പെട്ടതിനു ശേഷം ചില ഗുണഭോക്താക്കളുടെ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും, കൃഷി വകുപ്പ് പെൻഷനുകളും ആക്റ്റീവായി തുടരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷണറുടെ പേര് ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ജെയിംസ്.പി.വി, 243380165 | 19.11.2021 | മെമ്പർ പെൻഷൻ, കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, |

| | | | |
|---|---|---|---|
| | | | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 2 | നാരായണൻ.പി.കെ, 2020003222 | 21.08.2021 | കേരള ആർട്ടിസാൻ്റ്സ് & സ്കിൽഡ് വർക്കേഴ്സ് സ്കീം, നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 3 | ആയ്യപ്പൻ നാരായണൻ, 2220138950 | 30.01.2022 | ചെറുകിട കർഷകർക്കുള്ള കാർഷിക പെൻഷൻ, നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |

3) പഞ്ചായത്തിന്റെ പരിധിയിൽ മരണപ്പെട്ടതും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന വ്യക്തികളുടെ പല പെൻഷൻ അക്കൗണ്ടുകളും നിലവിൽ ആക്റ്റീവ് ആയി തുടരുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. പ്രസ്തുത വ്യക്തികളുടെ മരണവിവരം പെൻഷൻ വിതരണം ചെയ്യുന്ന അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

| ക്രമ നം | പെൻഷണറുടെ പേര്/ പെൻഷൻ ഐ.ഡി നമ്പർ | മരണപ്പെട്ട തീയതി | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | വേലായുധൻ.സി.കെ, 107020200558 | 21.05.2021 | പാറക്കടവ് ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 2 | ഇട്ടൻ വർക്കി, 106780202073 | 20.05.2021 | മഴുവന്നൂർ ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 3 | തങ്കമ്മ ബേബി, 105920202978 | 20.05.2021 | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്റ്റീവ് ആണ്. |
| 4 | വിക്ടോറിയ, 106620201099 | 23.05.2021 | എളംകുന്നപ്പുഴ, ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് |

| | | | | |
|---|---|---|---|---|
| | | | | ആക്ടീവ് ആണ്. |
| 5 | ഗോവിന്ദപ്പിള്ള.കെ.കെ, 2220120712 | 23.08.2021 | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | നിലവിൽ പെൻഷൻ അക്കൗണ്ട് ആക്ടീവ് ആണ്. |

മേൽ അപാകതകൾ സൂചിപ്പിച്ച് 15.02.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 34 മറുപടി ലഭ്യമാക്കിയതിൽ തുകകൾ തിരിച്ചടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

23.09.2020 തീയതിയിലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അപ്രകാരം കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ 65,600/- രൂപ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് തിരിച്ചടയ്ക്കുവാൻ വേണ്ട തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, മേൽ പരാമർശിച്ച ക്ഷേമനിധി ബോർഡുകളിൽ നിന്നും മരണപ്പെട്ടതിനു ശേഷവും പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്യാത്ത വ്യക്തികളുടെ വിവരങ്ങൾ അതാത് ബോർഡുകൾക്കും, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അറിയിപ്പുകൾ നൽകേണ്ടതും ആയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 എഫ് റ്റി ഇ ഒ എസ് ലൈസൻസ് - ഫീസിനത്തിൽ വൻകുറവ് - ഇതര അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഫാക്ടറികൾ, ട്രേഡേഴ്സ്, ഓണ്ട്രപ്രണർഷിപ്പ് പ്രവർത്തനങ്ങൾ, ഇതര സേവനങ്ങൾ ലൈസൻസ് നടപടികളിൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ ഫീസിനത്തിൽ വലിയ തുക നഷ്ടം സംഭവിച്ചിട്ടുണ്ട്.

( I ) കൊച്ചി റിഫൈനറി - ലീഗൽ ഒപ്പീനിയൻ വാങ്ങി തുടർ നടപടികൾ സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ സർവ്വെ നം 206 ൽ പ്രവർത്തിക്കുന്ന കൊച്ചി റിഫൈനറിയുടെ ലൈസൻസ് നൽകൽ നടപടികളിൽ അപാകത സംഭവിച്ചിട്ടുള്ളതായി കാണുന്നു. അപാകതകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

1.1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭകപ്രവർത്തനങ്ങളും മറ്റ് സേവനങ്ങളുമായി ബന്ധപ്പെട്ട വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളിൽ ഫാക്ടറി, വർക്ക് ഷോപ്പ്, പണി സ്ഥലം എന്നിവക്ക് സാധാരണ സ്ഥാപനങ്ങൾ/കച്ചവടങ്ങൾ എന്നിവയിൽ നിന്ന് ഭിന്നമായി ചില പ്രത്യേക വ്യവസ്ഥകളും ഫീസ് നിരക്കും നിശ്ചയിച്ചിട്ടുണ്ട്.

ലൈസൻസ് നൽകൽ പൊതു വകുപ്പ്

നിയമത്തിലെ വകുപ്പ് 232 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ഈ വ്യവസ്ഥ സാധാരണഗതിയിലുള്ള സ്ഥാപനങ്ങൾക്കും, കച്ചവടങ്ങൾക്കും ഫാക്ടറി, വർക്ക് ഷോപ്പ്, പണി സ്ഥലം എന്നിവക്കെല്ലാം ഒരു പോലെ ബാധകമാണ്.

ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ മുതലായവക്കുള്ള പ്രത്യേക വകുപ്പ്

നിയമത്തിലെ വകുപ്പ് 233 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനുമതി കൂടാതെയും, ആ അനുമതിയിൽ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്കനുസൃതമല്ലാതെയും ഫാക്ടറിയോ, വർക്ക് ഷോപ്പോ, പണി സ്ഥലമോ നിർമ്മിക്കുവാനോ, സ്ഥാപിക്കുവാനോ പാടില്ല.

നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച 1996 ലെ കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾ, ട്രേഡേഴ്സ്, ഓണ്ട്രപ്രണർഷിപ്പ് പ്രവർത്തനങ്ങൾ, ഇതര സേവനങ്ങൾ ) ചട്ടങ്ങളിലും ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകേണ്ട സ്ഥാപനങ്ങളിൽ ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ, പണി സ്ഥലങ്ങൾ എന്നിവയെ പ്രത്യേകമായി പരിഗണിച്ചിട്ടാണ് ലൈസൻസ് നൽകൽ വ്യവസ്ഥകളും ഫീസ് നിരക്കും നിശ്ചയിച്ചിട്ടുള്ളത്.

സാധാരണ രീതിയിലുള്ള കച്ചവടങ്ങൾ,സ്ഥാപനങ്ങൾ

(A)ചട്ടം 7 പ്രകാരം പ്രസിഡന്റ് നൽകുന്ന ഏതൊരു ലൈസൻസിനും II -ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. ഇത് 31.10.2017 മുതൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആണ്.

ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ പണിസ്ഥലങ്ങൾ മുതലായവ

ഫാക്ടറികൾ, വർക്ക് ഷോപ്പുകൾ പണിസ്ഥലങ്ങൾ മുതലായവക്ക് വേണ്ടി വൈദ്യുതി കൊണ്ടും, വൈദ്യുതി കൊണ്ടല്ലാതെയും പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും, ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും താഴെ പറയുന്ന ചട്ടങ്ങൾ പ്രകാരം പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

| യന്ത്ര സാമഗ്രി, നിർമ്മാണയന്ത്രം സ്ഥാപിക്കൽ | |
|---|---|
| ചട്ടം | വ്യവസ്ഥ |
| ചട്ടം 17 | വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ വല്ല പുരയിടത്തിലും സ്ഥാപിക്കുവാൻ 233 -ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന III -ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടുള്ളതല്ല. |
| ലൈസൻസ് നൽകൽ, പുതുക്കൽ | |
| ചട്ടം 18 | വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232 -ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന് ചുമത്താവുന്ന ഫീസ് ഈ |

| | |
|---|---|
| | ചട്ടങ്ങളോട് ചേർന്ന III -ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടുള്ളതല്ല. |

വൈദ്യുതിയല്ലാതെ മറ്റു ശക്തികൊണ്ടു നടത്തപ്പെടുന്ന യന്ത്രസാമഗ്രികൾ

| യന്ത്ര സാമഗ്രി, നിർമ്മാണയന്ത്രം സ്ഥാപിക്കൽ | |
|---|---|
| ചട്ടം | വ്യവസ്ഥ |
| ചട്ടം 20 | വൈദ്യുതിയല്ലാതെ ശക്തികൊണ്ട് നടത്തപ്പെടുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഏതെങ്കിലും പുരയിടത്തിലും സ്ഥാപിക്കുവാൻ 233 -ാം വകുപ്പ് പ്രകാരം അനുവാദം നൽകുന്നതിന് ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന IV -ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടുള്ളതല്ല. |
| ലൈസൻസ് നൽകൽ, പുതുക്കൽ | |
| ചട്ടം 21 | വൈദ്യുതിയല്ലാതെ ശക്തികൊണ്ട് നടത്തപ്പെടുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232 -ാം വകുപ്പ് പ്രകാരം ഒരു കൊല്ലകാലത്തേക്ക് നൽകുകയോ പുതുക്കുകയോ ചെയ്യുന്ന ലൈസൻസിന് ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന IV -ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. |

കൂടാതെ ചട്ടം 8 ൽ ലൈസൻസിന്റെ കാലാവധി പരാമർശിക്കുന്ന ഭാഗത്തും ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവക്ക് ബാധകമായ ലൈസൻസ് ഫീസ് പട്ടിക III,IV എന്നിവ പ്രകാരമുള്ളതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.മാത്രവുമല്ല കേരള സർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.06.1998 ലെ 32226/സി2/97/ത.ഭ.വ നം സർക്കുലർ ( പുതിയ ചട്ടങ്ങളിൽ പഴയ ചട്ടങ്ങളിലെ പ്രസ്തുത ഭാഗം മാറ്റം വരുത്തിയിട്ടില്ല ) പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പട്ടിക III പ്രകാരമുള്ള ഫീസാണ് ഈടാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിയമം, ചട്ടം എന്നിവയിലെ വ്യവസ്ഥകൾ ഇപ്രകാരമാണെങ്കിലും കൊച്ചി റിഫൈനറിയെ സാധാരണ ഗതിയിലുള്ള കച്ചവടസ്ഥാപനങ്ങളുടെ ഗണത്തിൽ പെടുത്തി പട്ടിക 11 പ്രകാരമുള്ള (മൂലധന നിക്ഷേപം അടിസ്ഥാനമാക്കിയുള്ള) ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| അപേക്ഷ നം | A2 -4298/21 /26.08.2021 |
| ലൈസൻസ് ഫീസ് | 15,000/- |
| രസീത് നം | 121020900008/17 /9/2021 |

ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലാത്തതിനാൽ വലിയ നഷ്ടം ഗ്രാമപഞ്ചായത്തിന്

സംഭവിച്ചിട്ടുണ്ട്.

2. കൊച്ചി റിഫൈനറിയുടെ അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല. അപൂർണ്ണമായ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നിന്ന് വാക്കാൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷത്തോളം കുതിരശക്തി വരുന്ന യന്ത്രങ്ങൾ കൊച്ചി റിഫൈനറിയിൽ ഉപയോഗിക്കുന്നുണ്ട്.

ഫീസ് ഈടാക്കിയതിലെ അപാകത, അപൂർണ്ണമായ അപേക്ഷ പരിഗണിക്കൽ മുതലായ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും, ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകൾ പ്രകാരം കൊച്ചി റിഫൈനറിയിലെ യന്ത്രങ്ങളുടെ കുതിരശക്തിയുടെ വിവരം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/13.02.2023) 16.02.2023 ൽ മറുപടി ലഭ്യമാക്കി. മറുപടിയിൽ അപൂർണ്ണമായ അപേക്ഷ പരിഗണിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയോ യന്ത്രങ്ങളുടെ കുതിരശക്തിയുടെ വിവരം ലഭ്യമാക്കുകയോ ചെയ്തില്ല. ഫീസിനത്തിൽ കുറവ് വന്നത് സംബന്ധിച്ച് ബഹു:ഹൈക്കോടതിയുടെ 30.08.2013 ലെ WP© No 33591 പ്രകാരം ബി പി സി എൽ കൊച്ചി റിഫൈനറിയിൽ നിന്നും കേരള പഞ്ചായത്ത് രാജ് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പട്ടിക II പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തുകളിൽ ലൈസൻസ് നൽകുന്നതിന് കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നിലനിന്നിരുന്ന സമയത്താണ് ബഹു:ഹൈക്കോടതി WP© No 33591 കേസിലെ വിധി പ്രഖ്യാപിച്ചിട്ടുള്ളത്. 2017 ൽ ലൈസൻസ് നൽകൽ ചട്ടങ്ങളിൽ മാറ്റം വരികയും 31.10.2017 ൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക II പുതുക്കി നിശ്ചയിക്കുകയും ചെയ്തു. ഇക്കാര്യങ്ങൾ പരിഗണിച്ച് പട്ടിക III പ്രകാരമുള്ള ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ലീഗൽ ഒപ്പീനിയൻ തേടി ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

( II ) ലൈസൻസ് ഫീസിന് പട്ടിക കണക്കിലെടുക്കുന്നതിലെ അപാകത - 4,50,592/- രൂപയുടെ വ്യത്യാസം

അപേക്ഷയിൽ കുതിരശക്തി രേഖപ്പെടുത്തിയ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് പട്ടിക III പ്രകാരമുള്ള ഫീസിന് പകരം പട്ടിക II പ്രകാരമുള്ള ഫീസ് ഈടാക്കിയതിനാൽ 4,50,592 രൂപയുടെ വ്യത്യാസം സംഭവിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരം യന്ത്രങ്ങളുടെ കുതിര ശക്തി | അപേക്ഷ/ ലൈസൻസ് നം | രസീത് നം | പട്ടിക II പ്രകാരം ഈടാക്കിയ ഫീസ് | പട്ടിക III പ്രകാരം ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | ഹിന്ദുസ്ഥാൻ ഓർഗാനിക്ക് കെമിക്കൽസ് ലിമിറ്റഡ്, അമ്പലമുഗൾ | 17430 | എ2 1149/21/ 12/2/2021 | 120020500393/ 12.02.2021 | 15,000 | 1,74,300 | 1,59,300 |
| 2 | കെവിൻ സൈമൺ ചിറ്റിലപ്പിള്ളി, ഫിലിപ്സ് കാർബൺ ബ്ലാക്ക് പ്രൈവറ്റ് ലിമിറ്റഡ് | 4,631.80 | എ2 1884/21/ 26/2/2021 | 120020900099/ 4.03.2021 | 15,000 | 46,318 | 31,318 |
| 3 | കെവിൻ സൈമൺ ചിറ്റിലപ്പിള്ളി, | 1,606.5 | എ2 1884/21/ | 120020900100/ 4.03.2021 | 15,000 | 16,065 | 1,065 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഫിലിപ്സ് കാർബൺ ബ്ലാക്ക് പ്രൈവറ്റ് ലിമിറ്റഡ് | | 26/2/2021 | | | | |
| 4 | കെവിൻ സൈമൺ ചിറ്റിലപ്പിള്ളി, ഫിലിപ്സ് കാർബൺ ബ്ലാക്ക് പ്രൈവറ്റ് ലിമിറ്റഡ് | 3,036.86 | എ2 1884/21/ 26/2/2021 | 120020900101/ 4.03.2021 | 15,000 | 30,369 | 15,369 |
| 5 | പ്രോഡ് എയർ പ്രൊഡക്ട്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, അമ്പലമേട് | 25,854 | എ2 2116/21/ 16/3/2021 | 120020900174/ 31.03.2021 | 15,000 | 2,58,540 | 2,43,540 |
| ആകെ | | | | | | | 4,50,592 |

ഇപ്രകാരം ഫീസിനത്തിൽ കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/13.02.2023) 16.02.2023 ൽ നൽകിയ മറുപടിയിൽ ബഹു:ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൊച്ചി റിഫൈനറിയിൽ നിന്ന് പട്ടിക II രണ്ട് പ്രകാരമുള്ള ഫീസ് വാങ്ങുന്നതിനാലാണ് ഇതര സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം പട്ടിക II പ്രകാരമുള്ള മൂലധന നിക്ഷേപം അടിസ്ഥാനമാക്കിയുള്ള ഫീസ് വാങ്ങുന്നതെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

ബഹു:ഹൈക്കോടതിയുടെ 30.08.2013 ലെ WP(C) No 33591 ലെ വിധി കൊച്ചി റിഫൈനറിയുടെ പെറ്റീഷന്റെ അടിസ്ഥാനത്തിലുള്ളതാണ്. ആയത് ഇതര സ്ഥാപനങ്ങൾക്ക് ബാധകമാണോയെന്ന് ലീഗൽ ഒപ്പീനിയൻ സ്വീകരിക്കാതെയാണ് ഗ്രാമപഞ്ചായത്ത് ഇതര സ്ഥാപനങ്ങൾക്കും ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിച്ചിട്ടുള്ളത്. മാത്രവുമല്ല കൊച്ചി റിഫൈനറിയുടെ ലൈസൻസ് ഫസ് സംബന്ധിച്ചും ചട്ടങ്ങളിലെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ക്രമ നം.1 ന്റെ ഓഡിറ്റ് നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യങ്ങളിലേക്ക് ഭരണവകുപ്പിന്റേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധക്ഷണിക്കുന്നു.

1-17 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പാലനത്തിൽ അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.കുഴൽ കിണർ കുഴിക്കൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

കുഴൽ കിണർ കുഴിക്കുന്നതിന് 2 പേർക്ക് 2021-22 ൽ അനുമതി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | പെർമിറ്റ് നം |
|---|---|---|
| 1 | ശെൽവരാജ്, ശെൽവം ഹാച്ചറീസ്, പുത്തൻകുരിശ് | ബി എ 123680/21/ 15.06.21 |
| 2 | | ബി എ |

| | | |
|---|---|---|
| | | 123676/21/<br>15.06.21 |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 76 (7) പ്രകാരം കിണർ നിർമ്മാണം മുഴുവനാക്കിയതിനു ശേഷം അപേക്ഷകൻ പൂർത്തീകരണ റിപ്പോർട്ട് സെക്രട്ടറിക്ക് സമർപ്പിക്കണം. എന്നാൽ പ്രസ്തുത രേഖ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാണെങ്കിൽ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/10.02.2023) നൽകിയ മറുപടിയിൽ കംപ്ലീഷൻ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.

2.പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്ക്യുപ്പൻസി നൽകിയ കെട്ടിടങ്ങൾ അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ,വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാൻ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം ( ചട്ടം 21 ) . ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല. പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല എന്നും പീരിയഡ് ആകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

3.ബിൽഡിംഗ് സെസ്സ് - വിവരം കൈമാറിയിട്ടില്ല.

തദ്ദേശ സ്വയംഭരണ ( ആർ ഡി ) വകുപ്പിന്റെ 12.11.2019 ലെ നം 8/ആർ ഡി 1/2018/ത സ്വ ഭ വ നം പരിപത്രം പ്രകാരം 1996 ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം, 1998 ലെ ചട്ടങ്ങളും എന്നിവ പ്രകാരം ബിൽഡിംഗ് സെസ്സ് ബാധകമാകുന്ന കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയതിന്റെ പകർപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ബന്ധപ്പെട്ട ലേബർ ഓഫീസർമാർക്ക് നൽകണം. 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ആകെ ചെലവിന്റെ 1 % എന്ന പരിധിയിൽ വരുന്നതാണ്. സെസ്സ് പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ ഇപ്രകാരം ലേബർ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് നിലവിൽ നൽകിയിട്ടില്ലയെന്നും ഭാവിയിൽ നൽകുന്നതാണെന്നും അറിയിച്ചു.

4.വികസന പെർമിറ്റ് അപാകത – ഫീസിനത്തിൽ നഷ്ടം സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ പത്ത് പ്ലോട്ടിൽ താഴെയുള്ള പ്ലോട്ട് വികസനങ്ങൾക്ക് വികസന പെർമിറ്റ് നൽകുകയോ ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ല.ആയതിന്റെ . 2021-22 ഇപ്രകാരം തീരുമാനമെടുത്ത അപേക്ഷയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ബി എ രജിസ്റ്റർ പേജ് നം | 70 |
| ക്രമ നം | 221 |
| അപേക്ഷ നം | A3 5643/21/<br>15.11.2021 |
| അപേക്ഷകന്റെ പേര് | അഹമ്മദ് ജാസിം & അസാഫ് അസീസ് |
| സർവ്വെ നം | 55/39,55/6-2, |

| | |
|---|---|
| | 55/6-3,55/29 പുത്തൻകുരിശ് വില്ലേജ് |
| വിസ്തീർണ്ണം | ലഭ്യമല്ല |

പത്ത് പ്ലോട്ടുകൾ വരെയുള്ള സബ് ഡിവിഷനുകൾക്ക് പെർമിറ്റ് ആവശ്യമില്ല എന്ന് രേഖപ്പെടുത്തിയാണ് പെർമിറ്റ് നടപടികളിൽ നിന്ന് അപേക്ഷകനെ ഒഴിവാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 4(1) പ്രകാരം സെക്രട്ടറിയിൽ നിന്നുള്ള അനുമതി പത്രം തേടാതെ വികസനമോ, പുനർവികസനമോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യരുത്. വികസന പെർമിറ്റ് സംബന്ധിച്ച് കൂടുതൽ വിശദീകരണം ലഭ്യമാക്കിയിട്ടുള്ള ചീഫ് ടൗൺ പ്ലാനറുടെ 22/12/2020 ലെ TCPCTP/2164/2020-E3,31/08/21 ലെ TCPCTP/2164/2020-E3(1) എന്നീ കത്തുകളിലും ഇപ്രകാരം പെർമിറ്റ് ഒഴിവാക്കൽ സംബന്ധിച്ച് പറയുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 7/8.2.2023) 16.2.2023 ന് സമർപ്പിച്ച മറുപടിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31 (1) ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് ഒഴിവാക്കിയതായാണ് വിശദീകരണം ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത ചട്ടം ലേ ഔട്ട് അനുമതി ഒഴിവാക്കൽ സംബന്ധിച്ചുള്ളതാണ്.ആയതിനാൽ മറുപടി സ്വീകാര്യമല്ല.

5.അനധികൃത നിർമ്മാണം - തുടർനടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്തിലെ 8 -ാം വാർഡിൽ 57 -ാം നമ്പർ കെട്ടിടത്തിൽ അനധികൃത കെട്ടിട നിർമ്മാണം നടത്തിയത് സംബന്ധിച്ച് പരാതിയും കോടതി കേസും ഉള്ളതാണ്. ശ്രീ . മാക്കി നാരായണന്റെ പേരിലുള്ള പ്രസ്തുത കെട്ടിടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൻമേൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( 3/8.2.3023) നൽകി. ആയതിന് 16.02.2023 ന് നൽകിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1.പുത്തൻകുരിശ് വില്ലേജിലെ ബ്ലോക്ക് 38 ൽ റീസർവ്വെ 479/6 ൽ ഉൾപ്പെടുന്ന 3.80 ആർ വസ്തുവിൽ അനധികൃതമായി ഒരു കെട്ടിടം നിർമ്മിച്ച് വരുന്നതായി ശ്രീ.എം എ വാസു, പുളിക്കമാലി എന്നയാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 23.03.2021 ൽ ഒരു പരാതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് 26.04.2021 ൽ A3-2429/2021 പ്രകാരം കെട്ടിട ഉടമയായ ശ്രീ . മാക്കി നാരായണൻ മോളത്ത് എന്നയാൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ആയതിൽ പഞ്ചായത്തിൽ നിന്ന് നിയമാനുസൃത അനുമതി ലഭ്യമാക്കിയേ തുടർനിർമ്മാണങ്ങൾ നടത്താവൂ എന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത അനുമതി ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ നൽകിയിട്ടില്ലയെന്നും നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളാണ് ചെയ്തിട്ടുള്ളതെന്നും അറിയിച്ചു.

2. ശ്രീ.എം എ വാസുവിന്റെ പരാതിയിൽ കെട്ടിടം പുറമ്പോക്ക് ഭൂമിയിലാണ് നിർമ്മിക്കുന്നതെന്ന് പറയുന്നുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം 2013 ൽ 74 ചതുരശ്ര മീറ്ററിന് കെട്ടിട നികുതി നിർണ്ണയിച്ച് നൽകിയതായി കാണുന്നു. സ്ഥല ഉടമസ്ഥത സംബന്ധിച്ച് പരിശോധന നടത്തിയാണ് കെട്ടിട നമ്പർ നൽകിയിട്ടുള്ളതെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.

3.ബഹു:ഹൈക്കോടതിയിലെ 12289/2021 നമ്പർ കേസിന്റെ 16.09.21 ലെ വിധിയിൽ അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ബഹു:ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നൽകിയ സ്റ്റോപ്പ് മെമ്മോയിൻമേൽ ബഹു:കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണപ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്നും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലയെന്നും അറിയിച്ചു.

4.ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഡെപ്യൂട്ടി കളക്ടർ എൽ ആർ മുമ്പാകെ 23.11.2021 ന് ഒരു റിപ്പോർട്ട്

സമർപ്പിച്ചിട്ടുണ്ട്. ആയതിൽ സ്ഥലപരിശോധന നടത്തിയപ്പോൾ 2013-14 കാലഘട്ടത്തിൽ തയ്യാറാക്കിയ അസസ്സ്മെന്റ് രജിസ്റ്ററിലേക്കാൾ 26.42 ച മീറ്റർ അധികം കെട്ടിടം അധികം നിർമ്മിച്ചതായും ആയതിനാൽ ആകെ കെട്ടിട വിസ്തീർണ്ണം 104.42 ച.മീറ്ററാണെന്നും അറിയിച്ചിട്ടുണ്ട്.അനധികൃത നിർമ്മാണത്തിൻമേൽ നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഭൂവികസന പെർമിറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ നഷ്ടം സംഭവിക്കുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ചട്ട പ്രകാരമുള്ള നടപടികളും സ്വീകരിച്ച് മുകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-18 സേവന ഫീസ് - പഞ്ചായത്ത് തീരുമാനം എടുത്തിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ ഉ ( അച്ചടി) നം 28/2019 ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5 % നിരക്കിൽ അധിക ഫീസ് വാങ്ങാം. ഇപ്രകാരം അധിക നിരക്ക് വാങ്ങുന്നത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 2/8.2.2023) 16.02.2023 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി ഇപ്രകാരം തീരുമാനം എടുത്തിട്ടില്ലയെന്ന് അറിയിച്ചു. പഞ്ചായത്ത് കമ്മറ്റി വിഷയം പരിഗണിക്കേണ്ടതും യുക്തമായ തീരുമാനം എടുക്കേണ്ടതുമാണ്.

1-19 PRAN ലഭിച്ചില്ല-എൻ.പി.എസ്.വിഹിതം രണ്ടു വർഷത്തിലേറെയായി അടവാക്കിയിട്ടില്ല

വാർഷിക ധനകാര്യപത്രിക B-9 ഷെഡ്യൂൾ 350200116 ഹെഡിൽ ശ്രീ.ഹന്ന കെ.ജോൺ ,ഫുൾ ടൈം സ്വീപ്പറുടെ 2020 നവംബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും കുറവു ചെയ്ത എൻ.പി.എസ്.വിഹിതം ജീവനക്കാരന്റെ Permanent Retirement Account Number (PRAN)ലേക്ക് അടവാക്കാതെ നിലനിർത്തിയിട്ടുണ്ട്. 350110109 ഹെഡിൽ പഞ്ചായത്ത് അടവാക്കേണ്ട തത്തുല്യമായ എൻ.പി.എസ്.വിഹിതവും PRANലേക്ക് അടവാക്കാതെ നിലനിർത്തിയിരിക്കുന്നു.01.3.22തീയതിയിൽ 40647/-രൂപ വീതം ആകെ 81,294/- രൂപയാണ് ശ്രീ.ഹന്നവിന്റെ PRANഅക്കൗണ്ടിലേക്ക് അടവാക്കാതെ രണ്ട് അക്കൗണ്ട് ഹെഡുകളിലുമായി നിലനിർത്തിയിരിക്കുന്നത്( 2022 ഫെബ്രുവരി മാസം വരെയുള്ള വിഹിതം).16.9.20ൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച് ഫുൾടൈം സ്വീപ്പറായി വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ടിയാന്റെ എൻ.പി.എസ്.അംഗത്വം ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും 10.11.20 ന് ഇന്റഗ്രേറ്റഡ് എൻറർപ്രൈസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ,എം.ജി.റോഡ് എന്ന സ്ഥാപനത്തിന് നൽകിയിരുന്നുവെങ്കിലും സ്ഥാപനം തുടർ നടപടികളൊന്നും സ്വീകരിച്ചില്ല. സ്ഥാപനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഇതു സംബന്ധിച്ച് യാതൊരു തുടരന്വേഷണങ്ങളും നടത്തിയതുമില്ല.പിന്നീട് 14.11.22 ൽ ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പുതിയ അപേക്ഷ സമർപ്പിച്ചു.

ജീവനക്കാരൻ സർവ്വീസിൽ പ്രവേശിച്ച് 30 ദിവസത്തിനുള്ളിൽ PRAN രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടത് ബന്ധപ്പെട്ട ഡി.ഡി.ഓ.മാരുടെ ഉത്തരവാദിത്വമാണെന്ന് 19.12.13ലെ സ.ഉ(പി)നം.622/2013/ധന ഉത്തരവിൽ സർക്കാർ നിർദേശിച്ചിട്ടുണ്ട്.ജീവനക്കാരുടെ PRAN അക്കൗണ്ടിലേക്ക് എൻ.പി.എസ്.വിഹിതം ക്രെഡിറ്റ് ചെയ്യുന്നതിന് നേരിടുന്ന കാലതാമസം ജീവനക്കാരന്റെ PRAN അക്കൗണ്ടിൽ സമാഹരിക്കപ്പെടുന്ന തുകയെയും തത്ഫലമായി ഭാവിയിൽ ലഭിക്കേണ്ട പെൻഷൻ തുകയെയും പ്രതികൂലമായി ബാധിക്കുന്നതാണെന്നിരിക്കെ ശ്രീ.ഹന്ന കെ.ജോണിന് നാളിതു വരെയായും PRAN അക്കൗണ്ട് ആരംഭിച്ച് എൻ.പി.എസ്.വിഹിതം അടവാക്കുന്നതിന് നടപടി സ്വീകരിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.മേൽ

വിഷയം സംബന്ധിച്ച് നൽകിയ30/15.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി ലഭ്യമാക്കി.പഞ്ചായത്ത് ഡയറക്ടറേറ്റുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ ടിയാന് PRAN അനുവദിച്ചിട്ടുണ്ടെന്നാണ് അറിയിച്ചതെന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.എത്രയും വേഗം PRAN ലഭ്യമാക്കി ശ്രീ.ഹന്ന കെ.ജോണിന്റെ എൻ.പി.എസ്.വിഹിതം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ഇ -ടെണ്ടർ ഫീസ് ജില്ല പഞ്ചായത്ത് എക്സി.എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല

ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ 17.8.17 ലെ ഡി.ബി1/7942/2010/സി ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം നിലവിൽ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും എഞ്ചിനീയറിംഗ് വകുപ്പ് മേധാവികളും (ഗ്രാമ പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും മാത്രം) എസ്.ബി.ഐ യിൽ ഔദ്യോഗിക മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ്ടതാണെന്ന് നിർദേശിച്ചിരുന്നു. നിലവിൽ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ള പക്ഷം ആയത് ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണെന്നും എന്നാൽ പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ ആവശ്യങ്ങൾക്കായി വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ പേരിൽ എസ്.ബി.ഐ.വടവുകോട് ശാഖയിൽ38775937926 നമ്പർ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾക്കായി ഇ- ടെണ്ടർ ഫീസിനത്തിൽ ജില്ല പഞ്ചായത്ത് എക്സി.എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നാളിതു വരെ ലഭിച്ച തുക പൂർണ്ണമായും അസി.എൻജിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു ലഭിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കേണ്ടതാണെന്നും ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കുന്ന തുകയുടെയും തിരികെ ലഭിക്കാനുള്ള തുകയുടെയും വിശദാംശങ്ങൾ വർഷം തിരിച്ച് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ടി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 25/14.02.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അസി.എൻജിനീയർ മറുപടി ലഭ്യമാക്കി. 01.01.2017മുതൽ 31.3.2022 വരെയുള്ള കാലയളവിൽ 12,65,659/-രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കാനുണ്ടെന്നും ആയതിലുള്ള റിക്വിസിഷൻരേഖകൾ സഹിതം 18.6.22ന് ജില്ല പഞ്ചായത്ത് എക്സി.എൻജിനീയർക്ക് ഇ മെയിലായി നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.മറുപടിയോടൊപ്പം ലഭ്യമാക്കിയ കേരള സർക്കാരിന്റെ ഇ ടെണ്ടർ വെബ്സൈറ്റിലെ Refund/settlement Details പ്രകാരം ടി തുക സർക്കാർ റീഫണ്ട് ചെയ്തതായി കാണിച്ചിട്ടുണ്ട്.ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസുമായി ബന്ധപ്പെട്ട് 12,65,659/-രൂപ ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

എസ്.ബി.ഐ.വടവുകോട് ശാഖയിലെ 38775937926 നമ്പർ കറന്റ് അക്കൗണ്ട് ബാങ്ക് സ്റ്റേറ്റ്മെന്റ് 01.4.22 മുതൽ 15.02.23 വരെയുള്ളത് ഹാജരാക്കി.01.4.22ൽ അക്കൗണ്ടിലെ മുന്നിരിപ്പ് 0 ആണ്.02.10.2022 മുതലാണ് ടി അക്കൗണ്ടിലേക്ക് ഇ ടെൻഡർ ഫീസ് നേരിട്ട് ലഭ്യമായിത്തുടങ്ങിയത്.15.02.23ൽ 1,34,901/-രൂപ നീക്കിയിരിപ്പുണ്ട്.ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-21 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ട് നം ,പേര് | 0025/22, സ്ക്രീനിംഗ് ഓഫ് ഏർലി ഡിറ്റെക്ഷൻ സെന്റർ വിഹിതം നൽകൽ |
| അടങ്കൽ.ഫണ്ട് | 20,000,തനത് ഫണ്ട് |

| | |
|---|---|
| ബിൽ നം,തീയതി,ചെലവ് | തുക20000 ചെക്ക് നം 3157807തീ.01.12.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

2)

| | |
|---|---|
| പ്രോജക്റ്റ് നം ,പേര് | 024/22', നിർധനരായ ഡയാലിസിസ് രോഗികൾക്കുള്ളചികിത്സ സഹായം- ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ.ഫണ്ട് | 79,250,തനത് ഫണ്ട് |
| ബിൽ നം,തീയതി,ചെലവ് | തുക 79250 ,ചെക്ക് നം 4772113തീ.16.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, വടവുകോട് - പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

തദ്ദേശ സ്വയം ഭരണ (എഫ് എം)വകുപ്പിന്റെ 10.12.2021 ലെ എഫ്.എം 1/288/2021 കത്ത് പ്രകാരം മേൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് മേൽ പരാമർശിച്ചിട്ടുള്ള പ്രകാരം തുക ജില്ലാ പഞ്ചായത്തിലേക്ക് നല്കിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 09.02.2023 ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ഈയിനത്തിൽ ചെലവഴിച്ച 99250 (20000,+ 79250) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 കന്നുകുട്ടി പരിപാലനം - ബാക്കി തുക തിരികെ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം,പേര് | 127/22 വനിതകൾക്ക് കന്നുകുട്ടി പരിപാലന പദ്ധതി, |
| അടങ്കൽ,ഫണ്ട് | 625000 വികസന ഫണ്ട് (പൊതുവിഭാഗം) മറ്റുള്ളവ. 625000, ആകെ.1250000 |
| ബിൽ നം, തീയതി ,ചെലവ് | 01/21-22, 30.06.2021 .625000 (21120552097200149896) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജൻ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമായ കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിലെ പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ പ്രസവിക്കുന്നതു വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏതാണ് നേരത്തെ അതുവരെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 6250/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 6250/-രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ സബ്സിഡി 12500). സംസ്ഥാനാവിഷ്കൃത ഫണ്ട് ലഭ്യമായില്ലെങ്കിൽ ആയതും തദ്ദേശ സ്വയം ഭരണ സ്ഥാപനം തന്നെ വഹിക്കണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സർക്കാർ ഉത്തരവ് നം (കൈ) 20/2018 ലെ 6.2.6 ൽ വിവരിക്കുന്നുണ്ട്. ആയത് പ്രകാരം മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതമില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് തന്നെയാണ് പ്രസ്തുത വിഹിതവും നല്കിയിട്ടുള്ളത്. 50 ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബിൽ പ്രകാരം 625000 -രൂപ പിൻവലിച്ച് പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവ യുടെ അക്കൗണ്ടിലേക്ക് (799011400003312) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ.സി ഡി പി പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രശീത്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം താഴെ ചേർത്തിട്ടുള്ള 8 ഗുണഭോക്താക്കൾക്ക് പൂർണ്ണമായും കാലിത്തീറ്റ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ബാക്കിയുള്ള 42 ഗുണഭോക്താക്കൾക്ക് 12102/- രൂപയുടെ കാലിത്തീറ്റ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. നിലവിൽ പദ്ധതി പൂർത്തിയായിട്ടുള്ളതാണ്

| ക്രമ | ഗുണഭോക്താവിന്റെ പേര് | അനുവദിക്കേണ്ട | അനുവദിച്ച | ഇനിയും |
|---|---|---|---|---|

| നം | | കാലിത്തീറ്റ സബ്സിഡി | കാലിത്തീറ്റ സബ്സിഡി | ലഭിക്കേണ്ട കാലിത്തീറ്റ സബ്സിഡി |
|---|---|---|---|---|
| 1 | ശ്രീമതി.ഗ്രേസി മാത്യൂ. വാളോത്തിൽ | 12500 | 0 | 12500 |
| 2 | ശ്രീമതി.അമ്മിണി കുര്യാക്കോസ്, മറ്റത്തിൽ | 12500 | 10978 | 1522 |
| 3 | ശ്രീമതി .ഷേർലി ജോണി കാരേക്കാട്ട് | 12500 | 9286 | 3214 |
| 4 | ശ്രീമതി .രാജി.പി.എസ് ചേനക്കോട്ടിൽ | 12500 | 11707 | 793 |
| 5 | ശ്രീമതി.അന്നക്കുട്ടി ബേബ്,പാറേക്കട്ടിൽ | 12500 | 3009 | 9491 |
| 6 | ശ്രീമതി.വത്സല ബാബു,കിഴക്കേവീട്ടിൽ | 12500 | 0 | 12500 |
| 7 | ശ്രീമതി.ബിജി ബിജു,നെല്ലിക്കാപ്പിള്ളിൽ | 12500 | 5721 | 6779 |
| 8 | ശ്രീമതി.ഷൈല. പി.ജി.ചാത്തനാട്ട് | 12500 | 5403 | 7097 |
| | ആകെ | | | 53896 |

മേൽ പരാമർശിച്ചിട്ടുള്ള പ്രകാരംഇനിയും ലഭിക്കേണ്ട കാലിത്തീറ്റ സബ്സിഡിയായ 53896 രൂപയും 42 ഗുണഭോക്താക്കളുടെ സബ്സിഡിയായ (42*398=16716) 16716 രൂപയുമുൾപ്പെടേ 70612 രൂപ പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവയിൽ നിന്ന് തിരികെ ലഭിക്കുവാനുണ്ട്. ആയത് ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 08.09.2023 ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവയിൽ നിന്ന് അധികം നല്കിയ തുക ചെലാൻ വഴി വികസന ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ പ്രസ്തുക തുക പ്രോജക്ട് ഓഫീസർ, ഐ.സി ഡി പി, ആലുവയിൽ നിന്ന് തിരികെ ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു

## 1-23 ദിശ- സമഗ്ര വിദ്യാഭ്യാസ പദ്ധതി-സ്കോളർഷിപ്പ് നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര്. | എസ് 0012/22,ദിശ- സമഗ്ര വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ ഫണ്ട് | 500000 |
| ചെലവ് തുക. ചെക്ക് തീയതി | 50000 , ചെക്ക്.100583 തീ 04.12.2022<br>50000,ചെക്ക്. 100598 തീ29.12.2021<br>100000,ചെക്ക് .100736 തീ 22.03.2022<br>100000,ചെക്ക്. 100672 തീ.14.02.2022<br>200000, ചെക്ക് .100715 തീ.09.03.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്, പുത്തൻക്കുരിശ് ഗവൺമെന്റ് അപ്പർ സെക്കണ്ടറി സ്കൂൾ |

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടം 3(3) പ്രകാരം "വ്യക്തികൾക്കും സംഘടനകൾക്കും പണമായി സഹായം നല്കുന്നതും നിയമാനുസൃതമല്ലാത്ത പരസ്യച്ചെലവുകൾ വഹിക്കുന്നതും, മത-രാഷ്ട്രീയ-തൊഴിലാളി സംഘടനകളുടെ പരിപാടികൾക്ക് ചെലവുകൾ ചെയ്യുന്നതും അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്." എന്ന് നിഷ്കർഷിക്കുന്നു. കൂടാതെ ചട്ടം 3(5) പ്രകാരം പഞ്ചായത്തിൽ അസാധാരണ ചെലവുകൾ സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. 3(8 ) ചട്ട പ്രകാരം അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി എല്ലാ ഗ്രാമസഭകളിലും അവതരിപ്പിക്കണം എന്നും നിഷ്കർഷിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗവൺമെന്റ് സ്കൂളുകളിലെ 23വിദ്യാർത്ഥികൾക്ക് 1000 രൂപ വീതവും

( 23 * 1000= 23000 ) 154 വിദ്യാർത്ഥികൾക്ക് 500 രൂപ വീതവും ( 154* 500 =77000 ) സ്കോളർഷിപ്പിനത്തിൽ നല്കിയിട്ടുണ്ട്. മേൽ പരാമർശിത ചട്ടപ്രകാരം തുക നല്കുവാൻ പാടില്ലെന്നിരിക്കെ ഇത്തരത്തിൽ തുക അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.02.2022 ൽ നല്കിയ 28ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പദ്ധതിക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിരുന്നതാണെന്നും പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും, കലാ-കായിക, ശാസ്ത്രപഠനം തുടങ്ങിയ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും, ശിശു സൗഹൃദ വിദ്യാലയങ്ങളാക്കുന്നതിനും വേണ്ടിയാണ് പദ്ധതി ആവിഷ്കരിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഇത്തരം പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പാലിച്ച് കൊണ്ടായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-24 റ്റി.ബി രോഗികൾക്കുള്ള പോഷകാഹാര വിതരണം. രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ്.0070/22,റ്റി.ബി രോഗികൾക്കുള്ള പോഷകാഹാര വിതരണം |
| അടങ്കൽ ഫണ്ട് | 100000, തനത് ഫണ്ട്<br>ചെലവ് 87016 |
| ചെലവ്,ചെക്ക് തീയതി | തുക 15009, ചെക്ക് നം 104695,തീ.30.03.2022<br>തുക13504,ചെക്ക് നം100741, തീ.26.03.2022<br>തുക9002, ചെക്ക് നം100609,തീ.04.01.2022<br>തുക10490 ചെക്ക് നം100570 തീ.01.12.2022<br>തുക7499 ചെക്ക് നം100946 തീ.05.102021<br>തുക9000, ചെക്ക് നം100921 തീ.24.09.2021<br>തുക22512, ചെക്ക് നം099262 തീ.20.07.2021 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി, വടവുകോട് പുത്തൻകുരിശ് |

മേൽ പ്രോജക്ട് സംബന്ധിച്ച് താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

1) ഈ പദ്ധതിക്കായി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

2) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.01.2018 ലെ സർക്കാർ ഉത്തരവ് നം 11/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 7.8.3 ഭക്ഷണവിതരണ പരിപാടികൾ എന്ന ഖണ്ഡികയിൽ (1) ൽ ജില്ലാപഞ്ചായത്തുകൾക്ക് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച്.ഐ.വി ബാധിതർക്ക് ഭക്ഷണ വിതരണ പദ്ധതി ഏറ്റെടുക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തുകളെ കുറിച്ച് പ്രതിപാദിക്കുന്നില്ല. മേൽ പദ്ധതി ഗ്രാമപഞ്ചായത്ത് വഴി മെഡിക്കൽ ഓഫീസർ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 09.02.2023 ൽ നല്കിയ 8ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകാരം നല്കിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനത്തിന് സർക്കാർ സാധൂകരണമില്ലാതെ തുക ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 വാഴകൃഷി വികസനം-വളം വാങ്ങൽ- അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0026/22, വാഴകൃഷി വികസനം |
| അടങ്കൽ,ഫണ്ട് | 216000,വികസനഫണ്ട് (പൊതുവിഭാഗം)<br>126222ഗുണഭോക്തൃവിഹിതം (നേരിട്ട്)<br>40000, (തനത് ഫണ്ട്) |
| ബിൽ നം, ചെലവ്, തീയതി | ബിൽ നം21120552097400649626,തുക 51360തീയതി15.11.2021<br>ബിൽ നം21120552097400945880,തുക 164640തീയതി.13.01.2022 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിൽ വാഴ കൃഷി വികസനം കൈവരിക്കുന്നതിനായി കർഷകർക്ക് 63% സബ്സിഡി നിരക്കിൽ വളം നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത് . വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം 651 നിന്ന് ഗുണഭോക്താക്കൾ വളം വാങ്ങുന്നു. സബ്സിഡി തുക ബാങ്കിലേക്ക് നല്കുന്നു. ആയത് പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി കൃഷി ഭവൻ നല്കിയ പെർമ്മിറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ്, ഗ്രൗണ്ട് നട്ട് കേക്ക് എന്നീ വളങ്ങൾ ഗ്രാമപഞ്ചായത്തിലെ വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം 651 നിന്ന് വാങ്ങിയിട്ടുണ്ട്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം ക്രമ നം 6.1 ലെ 1 ൽ വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

20.03.2020ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 6139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വളം വാങ്ങി നല്കുന്നത് സംബന്ധിച്ച് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ ഗ്രൗണ്ട് നട്ട് കേക്കിന് പരമാവധി 40-50 രൂപ (ഫസ്റ്റ് ക്വാളിറ്റി)രൂപയും സെക്കന്റ് ക്വാളിറ്റിക്ക് 25 രൂപയുമാണ് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിന് ഗ്രൗണ്ട് നട്ട് കേക്കിന് 53 രൂപ നിരക്കിലാണ് വാങ്ങി നല്കിയിട്ടുള്ളത്. അപ്രകാരം വളം വിതരണം നടത്തിയത് വഴി വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം 651 ന് അധിക തുക നല്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾഭാഗം 3-2ൽ ചേർത്തിട്ടുണ്ട്

### 1-26 ആട് വിതരണം അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0020/2021-22, വനിതകൾക്ക് ആട് വിതരണം |
| അടങ്കൽ ഫണ്ട് | 118876/-വികസന ഫണ്ട് (പൊതുവിഭാഗം)<br>119000/- ഗുണഭോക്തൃവിഹിതം<br>തനത് ഫണ്ട്. 124<br>ആകെ അടങ്കൽ 238000 |
| ബിൽ നം, തീയതി, ചെലവ് | 21120552097200510217 11.10.2021, 118876<br>119124, 06.11.2021, ചെക്ക് നം.101004 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ ,വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 6139/20/ഡി.പി.സി/ഡി.പി.ഒ/ ഇ.കെ.എം പ്രകാരം 2020-21,2021-22സാമ്പത്തിക വർഷങ്ങളിലെ ലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം 3 പ്രകാരം ആട് (മലബാറി 6 മാസം 12 KG) ഒരു ആടിന് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 5000 രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയോടെ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 50% സബ്സിഡി നിരക്കിൽ ഒരാടിന് 2500/- രൂപ മാത്രമേ അനുവദിക്കാവൂവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ ഒരാടിന് 3500/- രൂപ സബ്സിഡിയായി 17 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. വിശദവിവരം ഭാഗം 3-3 ൽ ചേർത്തിട്ടുണ്ട്.

### 1-27 വനിതകൾക്ക് അടുക്കളത്തോട്ടം- ഗ്രോ ബാഗ് വാങ്ങൽ- അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0276/22, വനിതകൾക്ക് അടുക്കളത്തോട്ടം |
| അടങ്കൽ,ഫണ്ട് | 305250, വികസനഫണ്ട് (പൊതുവിഭാഗം)<br>101750ഗുണഭോക്തൃവിഹിതം |
| ബിൽ നം,ചെലവ് ,തീയതി | ബിൽ നം21120552097401099651, തുക 305350 തീയതി10.02.2022<br>ചെക്ക് നം. 104685തുക.76320തീയതി 26.03.2022(ഗുണഭോക്തൃവിഹിതം )<br>ആകെച്ചെലവ്.381670 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് അടുക്കളത്തോട്ടം എന്ന പദ്ധതി വഴി 75% സബ്സിഡി നിരക്കിൽ ഗ്രോ ബാഗിൽ പോട്ടിംങ് മിശ്രിതം നിറച്ച് ഒരു ഗുണഭോക്താവിന് 10 ഗ്രോ ബാഗ് പച്ചക്കറി തൈകൾ

വിതരണം ചെയ്ത് സമഗ്ര പച്ചക്കറി വികസനം കൈവരിക്കുകയാണ് ലക്ഷ്യം. പദ്ധതിക്കായി 381 ഗുണഭോക്താക്കളിൽ നിന്ന് 20 രൂപ നിരക്കിൽ 3816 ഗ്രോ ബാഗിന് 76320 രൂപ ( രസീത് ബുക്ക് 48405 നമ്പറിൽ , 30 മുതൽ 45വരെയുള്ള രസീതുകൾ) ഗുണഭോക്തൃവിഹിതമായി കൃഷി ഭവനിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് ഗ്രോ ബാഗ് വിതരണം ചെയ്ത കർഷക മിത്ര എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം ഒരു ഗ്രോ ബാഗിന് 100 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം ക്രമ നം 6.1 ലെ 11 ൽ ഗ്രോ ബാഗിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോട്ടിംങ് മിശ്രിതം നിറച്ച പച്ചക്കറി തൈയുൾപ്പെടേയുള്ള ഗ്രോ ബാഗ് ഒരണ്ണെത്തിന്റെ വില 80/-രൂപയാണ്

20.03.2020ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ഗ്രോ ബാഗിൽ പോട്ടിംങ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് 80 രൂപയാണ് യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ളത്. ആയത് പ്രകാരം ഗുണഭോക്തൃവിഹിതമുൾപ്പെടേ കർഷക മിത്ര എന്ന സ്ഥാപനത്തിന് നല്കാവുന്ന തുക 305280രൂപയാണ് . എന്നാൽ 381670 രൂപ നല്കിയിട്ടുണ്ട്. ഈയിനത്തിൽ 76390രൂപ അധികം നല്കിയതായി കാണുന്നു. വിശദവിവരം ഭാഗം 3-1 ചേർത്തിട്ടുണ്ട്.

## 1-28 പുതിയ ബോർവെൽ നിർമ്മാണം - പദ്ധതി നടത്തിപ്പ് അപൂർണ്ണം

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | 116/22- പുതിയ ബോർവെൽ നിർമ്മാണം |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹200000/- |
| ഫണ്ടിനം | ധനകാര്യക്കമ്മീഷൻ അവാർഡ് |
| ചെലവ് വിവരം | ₹198668/- ചെക്ക് നമ്പർ 640848/28.1.22 |

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന നാല് സ്ഥലങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫിസർക്ക് മേൽ പറഞ്ഞ പ്രകാരം തുക നൽകിയിട്ടുണ്ട്. താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണർ പണിയുന്നതിനാണ് തുക നൽകിയത്

| സ്ഥലം | നൽകിയ തുക |
|---|---|
| വാർഡ് - 12 കരിമുകൾ കോളനി അമ്പലത്തിന് സമീപം | ₹61497/- |
| വാർഡ് - 11, പുറ്റുമാനൂർ നാല് സെന്റ് കോളനി | ₹45337/- |
| വാർഡ് - 7, വടവുകോട് ചേമ്പിയത്തിൻതാഴം | ₹46497/- |
| വാർഡ് - 10, വരിക്കോലി പെരുന്താറമുകൾ | ₹45337/- |

മുകളിൽ പറഞ്ഞ സ്ഥലങ്ങളിലെ കുഴൽ കിണറുകൾ നിലവിൽ ഉപയോഗ യോഗ്യമാണോ എന്നതിന്റെ വിവരം അറിയുന്നതിനായി ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് 11- പുറ്റുമാനൂർ നാല് സെന്റ് കോളനിയിലെ കിണർ മാത്രമാണ് നിലവിൽ ഉപയോഗയോഗ്യമായിട്ടുള്ളത് എന്ന് കാണുന്നു. വാർഡ് - 7, വടവുകോട് ചേമ്പിയത്തിൻതാഴത്തേത് നിലവിൽ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലും മറ്റ് രണ്ടെണ്ണം പണി നടത്തിയിട്ടില്ലാത്ത അവസ്ഥയിലുമാണെന്ന് ബോദ്ധ്യപ്പെട്ടു. മുൻകൂർ തുക നൽകിയിട്ടും പണി നടക്കാത്ത സാഹചര്യത്തിൽ

ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.14/10.02.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ, പണി പൂർത്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പണി പൂർത്തിയാക്കാത്ത കുഴൽക്കിണറുകൾക്കായി ചെലവാക്കിയ തുക ₹153331/-(61497+46497+45337) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

വാർഡ് - 7, വടവുകോട് ചേമ്പിയത്തിൻതാഴത്ത് നിർമ്മാണത്തിലിരിക്കുന്ന കുഴൽക്കിണർ സ്ഥാപിച്ചിരിക്കുന്നത് നിലവിലും ആവശ്യത്തിന് വെള്ളം ലഭിച്ചുകൊണ്ടിരിക്കുന്ന വലിയ പഞ്ചായത്ത് കിണറിന്റെ തൊട്ടുചേർന്നിരിക്കുന്ന രീതിയിലാണ്. ഉപയോഗയോഗ്യമായ കിണർവെള്ളം ലഭിക്കാൻ സാഹചര്യമുള്ള സ്ഥിതിയുള്ളിടത്ത് വീണ്ടും ഒരു കുഴൽക്കിണർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടാണോ നടപടികൾ ആരംഭിച്ചതെന്നത് വ്യക്തമല്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ ആവശ്യകത വിലയിരുത്തിക്കൊണ്ട് മാത്രം നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതി ഇക്കാര്യത്തിൽ ജാഗ്രത പാലിക്കുന്നത് ഉചിതമായിരിക്കും

## 1-29 ബുക്ക് ഷെൽഫ് വാങ്ങൽ - വലിയ തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | 238/22- പബ്ലിക് ലൈബ്രറിക്ക് ബുക്ക് ഷെൽഫ് വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹150000/- |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് വിവരം | ₹149990/-<br>വൗച്ചർ നമ്പർ 22101582/23.3.22 |

മേൽ പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് ലൈബ്രറിക്ക് ഉപയോഗിക്കുന്നതിനായി ARTCO യിൽ നിന്നും ₹1,49,990/-വിലയുള്ള ഒരു ബുക്ക് ഷെൽഫ് വാങ്ങിയിട്ടുണ്ട്. പരിമിതിമായ സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ നിലവിൽ ബുക്കുകൾ സൂക്ഷിച്ചിരിക്കുന്നത് തുറസ്സായ റാക്കുകളിലാണ്. ബുക്കുകൾ പൊടിപിടിച്ച് ഉപയോഗശൂന്യമാകുന്നതിനിടയാകുന്ന സാഹചര്യമൊഴിവാക്കാനായിട്ടാണ് ബുക്ക് ഷെൽഫ് വാങ്ങുന്നതിന് തീരുമാനിച്ചത്. എന്നാൽ ഇത്രയും തുക ചെലവാക്കി ഒരൊറ്റ ബുക്ക് ഷെൽഫ് വാങ്ങിയതിന്റെ സാംഗത്യം വിലയിരുത്തപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഇത്രയും വില വരുന്ന ബുക്ക് ഷെൽഫ് ഒഴിവാക്കി, താരതമ്യേന വില കുറവുള്ള രണ്ടോ, മൂന്നോ ഷെൽഫുകൾ വാങ്ങി കൂടുതൽ പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനാനുതകുന്ന സാഹചര്യമൊരുക്കിയിരുന്നെങ്കിൽ കൂടുതൽ ഉചിതമായേനെ. കൂടാതെ പരിമിത സൗകര്യങ്ങൾക്കിടയിലും, മികച്ച പുസ്തകശേഖരവുമായി "എ ഗ്രേഡ്" നിലവാരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറിയ്ക്ക് ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല എന്നത് നിരാശാജനകമാണ്. ലൈബ്രറിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന സാഹചര്യമൊരുക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## 1-30 ബ്രഹ്മപുരം ശ്മശാനം - പ്രവർത്തന സജ്ജമാക്കണം

ഗ്രാമപഞ്ചായത്തിലെ ശ്മശാനം നിലവിൽ പ്രവർത്തനം നിലച്ചിരിക്കുകയാണ്. കൊച്ചി നഗരസഭയുടെ ബ്രഹ്മപുരം മാലിന്യസംസ്കരണ കേന്ദ്രത്തിന്റെ സമീപമുള്ള ശ്മശാനം മാലിന്യം തള്ളി മോശമാക്കിയതിനാലും ശ്മശാനം പ്രവർത്തിപ്പിക്കുന്നതിന് ആളുകളെ ലഭിക്കാത്തതിനാലുമാണ് ശ്മശാനം പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത്.

ബ്രഹ്മപുരം ശ്മശാനം പറമ്പിലും വഴിയിലും ആരോ സുമാർ 20 ടോറസ് ലോഡ് മാലിന്യം തള്ളിയിട്ടുള്ളതായി കാണിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 7/7/2022 ൽ എസ് സി 4-1452/22 പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസർ ഇൻഫോപാർക്ക് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയിൻമേൽ പോലീസ് സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദ വിവരം ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം 4/8.2.2023) ക്ക് നൽകിയ മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ ശ്മശാനം പ്രവർത്തിക്കുന്നില്ല.ഗ്രാമപഞ്ചായത്ത് സെക്രട്ടറി പോലീസിന് നൽകിയ പരാതിയിൽ 800 മീറ്റർ വരുന്ന ടാർ റോഡ് ഹിറ്റാച്ചി പോലുള്ള വാഹനം ഉപയോഗിച്ച് നശിപ്പിച്ചതായി അറിയിച്ചിട്ടുണ്ട്.കൂടാതെ മാലിന്യം തള്ളിയതിനാൽ പ്രദേശത്തേക്കുള്ള പ്രവേശനവും ശ്രമകരമാണെന്ന് പരാതിയിൽ പറയുന്നുണ്ട്. 2021-22 ൽ താഴെ പറയുന്ന പ്രൊജക്ട് പ്രകാരം ശ്മശാനം അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം | 95/22 |
| പ്രൊജക്ടിന്റെ പേര് | പൊതു ശ്മശാനം അനുബന്ധ ചെലവുകൾ |
| അടങ്കൽ | 1 ലക്ഷം |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | 53760 |

ശ്മശാനത്തിലെ ബർണർ റീപ്ലേസ് മെന്റിനം അനുബന്ധപ്രവർത്തനങ്ങളും നടത്തുന്നതിനാണ് തുക ചെലവഴിച്ചത്.

ഓഡിറ്റ് നിർദ്ദേശം

ശ്മശാനം പ്രവർത്തനത്തിന് കരാറുകാരെ കണ്ടെത്തുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തന സജ്ജമാക്കേണ്ടതുമാണ്.

1-31 മഴക്കാല പൂർവ്വ ശുചീകരണം -രേഖകൾ ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി 23.07.2021ലെ വൗച്ചർ നമ്പർ 22100387 പ്രകാരം ₹170000/- (തനത് ഫണ്ട്) വൗച്ചർ നമ്പർ 22100388 പ്രകാരം ₹170000/- (ശുചിത്വമിഷൻഫണ്ട് ) എന്നിവ ഉൾപ്പെടെ ₹340000/- ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല . ഈയിനത്തിൽ ആകെ ചെലവുചെയ്ത ₹340000/-ന്റെ ചെലവ് രേഖകൾ ഓഡിറ്റിന്

ഫലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( നം. 27/14.2.2023) നൽകിയതിന് മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നുമുള്ള ഒരു ധനവിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയത്. ഓരോ വാർഡിലേക്കും നൽകിയ തുകകൾ എങ്ങനെയെല്ലാമാണ് വിനിയോഗിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാകാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തുക ₹340000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-32 വിനിയോഗ വിവരങ്ങൾ ലഭ്യമല്ല

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾക്ക് ചെലവായ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം. | 02/22 IKM വിഹിതം നൽകൽ | 244/22 അമൃത കുടീരം-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 117/22 വാട്ടർലൈൻ എക്സ്റ്റൻഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| അടങ്കൽ | ₹74225/- | ₹81852/- | ₹300000/- |
| ചെലവ് | ₹74225/- | ₹81852/- | ₹270000/- |
| ഫണ്ടിനം. | പൊതുവിഭാഗം സാധാ വിഹിതം | തനത് ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് വിവരം | ബിൽ നം. 223/11.1.22 | ബിൽ നം. 298/28.02.22 | ബിൽ നം. 180/7.12.21 |
| തുക കൈപ്പറ്റിയ ഏജൻസി | ഇൻഫർമേഷൻ കേരള മിഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB പുത്തൻകുരിശ് സബ്സെക്ഷൻ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചി |

വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവാക്കിയ ₹426077/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

1-33 സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പിൻവലിച്ചു-പലിശ നഷ്ടം

യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,പുത്തൻകുരിശ് ശാഖയിൽ 23.4.21 മുതൽ 23.4.22 വരെ ഒരു വർഷത്തേയ്ക്ക് സ്ഥിര നിക്ഷേപമായി 5.25% വാർഷിക പലിശയ്ക്ക് എഫ്.ഡി.നമ്പർ 338803030243408 പ്രകാരം 75,52,288/-രൂപയും എഫ്.ഡി.നമ്പർ 338803030243405 പ്രകാരം മറ്റൊരു 75,52,288/-രൂപയും നിക്ഷേപിച്ചു.സ്ഥിര നിക്ഷേപ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം നിക്ഷേപം കാലാവധി പൂർത്തീകരിക്കുന്ന തീയതിയായ 23.4.22 ൽ 79,56,658/-രൂപ വീതം രണ്ട് നിക്ഷേപങ്ങൾക്കും ലഭിക്കേണ്ടതായിരുന്നു.എന്നാൽ പൂർത്തീകരണ കാലാവധി എത്തുന്നതിനു മുൻപേ 338803030243405നമ്പർ എഫ്.ഡി.09.7.21 ലും 338803030243408 നമ്പർ എഫ്.ഡി. 05.8.21 ലും പിൻവലിച്ച് പിൻവലിക്കൽ തീയതി വരെയുള്ള പലിശ സഹിതം (പലിശ യഥാക്രമം 43,814/-, 70104/-) 7596102/-രൂപ 121030900028,തീയതി 02.8.21നമ്പർ രസീത് പ്രകാരവും 76,22,392/-രൂപ 121030900045, തീ. 26.8.21 നമ്പർ രസീത് പ്രകാരവും തനത് ഫണ്ടിൽ വരവ് വെച്ചു.കാലാവധി എത്തുന്നതിന് മുൻപ് സ്ഥിര നിക്ഷേപം പിൻവലിച്ചതു മൂലം പഞ്ചായത്തിനു 6,94,822/- (360556+334266) രൂപയുടെ പലിശ നഷ്ടം വന്നിട്ടുണ്ട്.യഥേഷ്ടം തനത് വരുമാനം ലഭിക്കുന്ന പഞ്ചായത്തിൽ അടിയന്തിരമായി സ്ഥിര നിക്ഷേപം പിൻവലിക്കാൻ ഇടയായ കാരണം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 26/14.02.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി.സ്ഥിര നിക്ഷേപങ്ങൾ ഉൾപ്പെടെയുള്ള തുക തനതു വരുമാനം കാണിച്ചാണ് 2019-20മുതലുള്ള വാർഷിക പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളതെന്നും അതിനാലാണ് സ്ഥിര നിക്ഷേപങ്ങൾ പിൻവലിക്കേണ്ടി വന്നതുമെന്നാണ് മറുപടിയിൽ അറിയിച്ചത്.കോവിഡിനെ തുടർന്ന് സി.എഫ്.എൽ.ടി.സി നടത്തിപ്പിന് പഞ്ചായത്തിന് തനത് വരുമാനം ചെലവഴിക്കേണ്ടി വന്നതും സ്ഥിര നിക്ഷേപങ്ങൾ പിൻവലിച്ചതിനു കാരണമായി പറഞ്ഞിട്ടുണ്ട്.സ്ഥിര നിക്ഷേപങ്ങൾ ഒരു കരുതൽ നിക്ഷേപം എന്ന നിലയ്ക്ക് പഞ്ചായത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെട്ട നിലയിൽ സംരക്ഷിക്കുന്നതിന് സഹായകരമാണ് എന്ന നിലയ്ക്ക് ആയത് കഴിവതും പിൻവലിക്കാതെ സൂക്ഷിക്കുന്നത് അഭികാമ്യമായിരിക്കും.

1-34 ഓഡിറ്റ് ഇംപാക്റ്റ്

2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന തുകകൾ

അടവാക്കുകയുണ്ടായി.

1.ക്വട്ടേഷനിലെ തുകയേക്കാൾ അധികരിച്ച തുക നൽകിയ 1760 രൂപ അടവാക്കി.

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ഹരിതകർമ്മ സേനക്ക് വി ജി എഫ് പ്രൊജക്ടിന്റെ വാങ്ങലിൽ കരാറുകാരൻ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികരിച്ച് നൽകിയ 1760 രൂപ ഓഡിറ്റ് എൻക്വയറി ( നം 33/15.02.2023) നൽകിയതിന്റെ അടിസ്ഥാനത്തിൽ 16.02.2023 ൽ രസീത് നം 1220800506/GOT1003 പ്രകാരം അടവാക്കി.

2.തൊഴിൽ നികുതി കുറവായി ഈടാക്കിയത് സംബന്ധിച്ച് 13.02.2023 ൽ 20 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| എൻക്വയറി നം / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 20/ 13.02.2023 | തൊഴിൽ നികുതി | 1220800474/ 15.02.2023 | 750 |
| 20/ 13.02.2023 | തൊഴിൽ നികുതി | 1220800493/ 16.02.2023 | 250 |
| 20/ 13.02.2023 | തൊഴിൽ നികുതി | 1220800491/ 16.02.2023 | 250 |
| ആകെ | | | 1,250 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വനിതകൾക്ക് അടുക്കളത്തോട്ടം- ഗ്രോ ബാഗ് വാങ്ങൽ- അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0276/22, വനിതകൾക്ക് അടുക്കളത്തോട്ടം |
| അടങ്കൽ, ഫണ്ട് | 305280,വികസനഫണ്ട് (പൊതുവിഭാഗം)<br>101750ഗുണഭോക്തൃവിഹിതം |
| ബിൽ നം,ചെലവ് ,തീയതി | ബിൽ നം21120552097401099651, തുക 305280 തീയതി 10.02.2022<br>ചെക്ക് നം. 104685 തുക.76320തീയതി 26.03.2022 (ഗുണഭോക്തൃവിഹിതം )<br>ആകെച്ചെലവ് - 381600 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് അടുക്കളത്തോട്ടം എന്ന പദ്ധതി വഴി 75% സബ്സിഡി നിരക്കിൽ ഗ്രോ ബാഗിൽ പോട്ടിംങ് മിശ്രിതം നിറച്ച് ഒരു ഗുണഭോക്താവിന് 10ഗ്രോ ബാഗ് പച്ചക്കറി തൈകൾ വിതരണം ചെയ്ത് സമഗ്ര പച്ചക്കറി വികസനം കൈവരിക്കുകയാണ് ലക്ഷ്യം. പദ്ധതിക്കായി 381 ഗുണഭോക്താക്കളിൽ നിന്ന് 20 രൂപ നിരക്കിൽ 3816 ഗ്രോ ബാഗിന് 76320 രൂപ (രസീത് ബുക്ക് 48405 നമ്പറിൽ, 30 മുതൽ 45വരെയുള്ള രസീതുകൾ) ഗുണഭോക്തൃവിഹിതമായി കൃഷി ഭവനിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് ഗ്രോ ബാഗ് വിതരണം ചെയ്ത കർഷക മിത്ര എന്ന സ്ഥാപനത്തിന് മേൽ ബിൽ പ്രകാരം ഒരു ഗ്രോ ബാഗിന് 100 രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം

22/2018 പ്രകാരം ക്രമ നം 6.1 ലെ 11 ൽ ഗ്രോ ബാഗിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പോട്ടിംങ് മിശ്രിതം നിറച്ച പച്ചക്കറി തൈയുൾപ്പെടെയുള്ള ഗ്രോ ബാഗിന്റെ ഒരണ്ണെത്തിന്റെ വില 80/-രൂപയാണ്.

20.03.2020ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ഗ്രോ ബാഗിൽ പോട്ടിംങ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് 80 രൂപയാണ് യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുള്ളത്. ആയത് പ്രകാരം ഗുണഭോക്തൃവിഹിതമുൾപ്പെടേ കർഷക മിത്ര എന്ന സ്ഥാപനത്തിന് നല്കാവുന്ന തുക 305280 രൂപയാണ്. എന്നാൽ 381600 രൂപ നല്കിയിട്ടുണ്ട്. പദ്ധതി ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന പരമാവധി സബ്സിഡി 3816 X 60 = 228960/- രൂപയാണ്. ആയതിനാൽ പദ്ധതി ഫണ്ടിൽ നിന്നും 76320 രൂപ അധികം നല്കിയതായി കാണുന്നു. വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 13.02.2023 ൽ നല്കിയ 19ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത പദ്ധതി നടത്തുക വഴി ചെലവ് നഷ്ടം സംഭവിച്ച തുക ഗ്രോ ബാഗ് വിതരണം ചെയ്ത ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ, ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഹെഡിൽ അടവാക്കേണ്ടതാണ്.

## 3-2 വാഴകൃഷി വികസനം-വളം വാങ്ങൽ- അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0026/22, വാഴകൃഷി വികസനം |
| അടങ്കൽ,ഫണ്ട് | 216000,വികസനഫണ്ട് (പൊതുവിഭാഗം)<br>126222ഗുണഭോക്തൃവിഹിതം (നേരിട്ട്)<br>40000, (തനത് ഫണ്ട്) |
| ബിൽ നം,ചെലവ് ,തീയതി | ബിൽ നം21120552097400649626,തുക 51360തീയതി15.11.2021<br>ബിൽ നം21120552097400945880,തുക 164640തീയതി.13.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിൽ വാഴ കൃഷി വികസനം കൈവരിക്കുന്നതിനായി കർഷകർക്ക് 63% സബ്സിഡി നിരക്കിൽ വളം നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത് . വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം 651 നിന്ന് ഗുണഭോക്താക്കൾ വളം വാങ്ങുന്നു. സബ്സിഡി തുക ബാങ്കിലേക്ക് നല്കുന്നു. ആയത് പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി കൃഷി ഭവൻ നല്കിയ പെർമ്മിറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ്, ഗ്രൗണ്ട് നട്ട് കേക്ക് എന്നീ വളങ്ങൾ ഗ്രാമപഞ്ചായത്തിലെ വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം 651നിന്ന് വാങ്ങിയിട്ടുണ്ട്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം ക്രമ നം 6.1 ലെ 1 ൽ വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

20.03.2020ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വളം വാങ്ങി നല്കുന്നത് സംബന്ധിച്ച് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ ഗ്രൗണ്ട് നട്ട് കേക്കിന് പരമാവധി 40-50 രൂപ (ഫസ്റ്റ് ക്വാളിറ്റി) രൂപയും സെക്കന്റ് ക്വാളിറ്റി 25 രൂപയുമാണ് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിന് ഗ്രൗണ്ട് നട്ട് കേക്കിന് 53 രൂപ നിരക്കിലാണ് വാങ്ങി നല്കിയിട്ടുള്ളത്. അപ്രകാരം വളം വിതരണം നടത്തിയത് വഴി വടവുകോട് ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം 651 ന് അധിക തുക നല്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തീയതി | രസീത് നം | വാങ്ങിയ കിലോ.ഗ്രാം | വാങ്ങിയ ഇനം |
|---|---|---|---|
| 29.10.2021 | 24.367 | 510.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23960 | 270.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23962 | 327.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23963 | 82.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23964 | 85.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23965 | 37.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23968 | 230.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23969 | 210.00 | ഗ്രൗണ്ട് നട്ട് കേക്ക് |

| | | | |
|---|---|---|---|
| 03.11.2021 | 23970 | 422.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23971 | 325.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23972 | 255.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23973 | 195.00 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23974 | 345.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| 03.11.2021 | 23975 | 82.50 | ഗ്രൗണ്ട് നട്ട് കേക്ക് |
| ആകെ | | 3378 | |

ആകെ വാങ്ങിയിട്ടുള്ള ഗ്രൗണ്ട് നട്ട് കേക്ക് 3378 കിലോ ഗ്രാമാണ്. (3378* 3=10134). പ്രസ്തുത വാങ്ങൽ നടത്തിയതിൽ 10134/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 13.02.2023 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ വികസന ഫണ്ടിൽ നിന്ന് നഷ്ടം സംഭവിച്ച 10134/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## 3-3 ആട് വിതരണം അധിക തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0020/2021-22, വനിതകൾക്ക് ആട് വിതരണം |
| അടങ്കൽ ഫണ്ട് | 118876/-വികസന ഫണ്ട് (പൊതുവിഭാഗം)<br>119000/- ഗുണഭോക്തൃവിഹിതം ആകെ അടങ്കൽ തനത് ഫണ്ട്. 124 |
| ബിൽ നം, തീയതി, ചെലവ് | 21120552097200510217 11.10.2021, 118876<br>119124, 06.11.2021, ചെക്ക് നം.101004 |
| നിർവ്വഹണോദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ ,വടവുകോട് പുത്തൻ കുരിശ് ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 വീതം പെണ്ണാട് വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 6139/20/ഡി.പി.സി/ഡി.പി.ഒ/ ഇ.കെ.എം പ്രകാരം 2020-21,2021-22സാമ്പത്തിക വർഷങ്ങളിലെ ലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം 3 പ്രകാരം ആട് (മലബാറി 6 മാസം 12 KG ) ഒരു ആടിന് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 5000 രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയോടെ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 50% സബ്സിഡി നിരക്കിൽ ഒരാടിന് 2500/- രൂപ മാത്രമേ അനുവദിക്കാവൂവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ ഒരാടിന് 3500/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് രണ്ട് ആടുകൾക്ക് ഗുണഭോക്തൃ വിഹിതം ഉൾപ്പടെ (17*2=34, 34*7000=238000) 238000/-ആനുകൂല്യം നല്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ നല്കേണ്ടിയിരുന്നത് 5000 രൂപ വീതം (34*5000=170000) 170000 രൂപ മാത്രമാണ്. സബ്സിഡി ഇനത്തിൽ 2500 രൂപ വീതം 34 ആടുകൾക്ക് 85000 രൂപ നൽകേണ്ടതിനു പകരം 3500 രൂപ വീതം 119000/- നൽകിയതു വഴി 34000/- രൂപ ഈ പദ്ധതി നടത്തിപ്പിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 08.02.2023 ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള യൂണിറ്റ് കോസ്റ്റ് പ്രകാരം 6 മാസം ( 12 KG) പ്രായമായ ആടിന് 7000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളതെന്നും മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് അറിയില്ലെന്നുമാണ് മറുപടി ലഭ്യമാക്കിയത്.
14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബസ്ഡി മാർഗ്ഗരേഖയിൽ മൃഗസംരക്ഷണ മേഖലയിൽ ആട് വിതരണം തുടങ്ങിയ ഐറ്റങ്ങളിൽ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിക്കണമെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരു സാമ്പത്തിക വർഷത്തിന്റെ ആദ്യകാലയളവിൽ തന്നെ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് നല്കുന്നതുമാണ്. ആയതിനാൽ ശരിയായ യൂണിറ്റ് കോസ്റ്റ് കണാക്കാക്കാതെ പ്രസ്തുത പദ്ധതി നടത്തുക വഴി വികസന ഫണ്ടിൽ നിന്ന് നഷ്ടം സംഭവിച്ച 33876/- രൂപ (Plan Fund ചെലവ് 118876/- – അനുവദിക്കാവുന്ന Subsidy 85000/-) ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ, വിതരണം നടത്തിയ വ്യക്തിയിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യപത്രികയുടെ പരിശോധന നടത്തിയത് | |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് നമ്പരും പേരും | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,00,000 | 54/22-ലൈഫ് പദ്ധതി മൂന്നാം ഘട്ടം സ്ഥലം വാങ്ങൽ-ജനറൽ | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 86,026 | 10/22-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 86,026 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,00,000 | 63/22-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ,ബത്ത നൽകൽ | 3,00,000 | 0 |
| ആകെ | | 5,86,026 | | 5,86,026 | |

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2021-22 | 66,000 | 22/22സമഗ്ര നെൽകൃഷി വികസനം | 66,000 | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 80,000 | 74/22-ലൈഫ് ഭവന നിർമ്മാണം(പൊതു വിഭാഗം) | 80,000 | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 4,40,000 | 77/22-ലൈഫ് ഭവന നിർമ്മാണം(പട്ടിക ജാതി) | 4,40,000 | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 2,00,000 | 151/22-ലൈഫ് ഭവന നിർമ്മാണം -പട്ടികജാതി( സ്പിൽ ഓവർ) | 2,00,000 | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 3,00,000 | 63/22-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ,ബത്ത നൽകൽ | 3,00,000 | 0 |
| ആകെ | | 10,86,000 | | 10,86,000 | |

## 4-3 ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പരും പ്രവൃത്തിയുടെ പേരും | ബിൽ നമ്പർ/വൗച്ചർ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 290/22-മൊതാൽ വാട്ടർലൈൻ എക്സ്റ്റൻഷൻ ബാലൻസ് വിഹിതം | 288/16.02.22 | ₹55000 | ₹55000 | 0 |
| വാട്ടർ അതോറിറ്റി | 117/22-വാട്ടർ ലൈൻ എക്സ്റ്റൻഷൻ | 176/07.12.21 | ₹270000 | 0 | ₹270000 |
| കെ.എസ്.ഇ.ബി | 277/22-ഇടത്തലത്താഴം നീർമേൽ കോളനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1171/11.01.22 ചെക്ക് നം 222713/11.01.22 | ₹276592 | ₹276592 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 116/22-പുതിയ ബോർവെൽ നിർമ്മാണം | 289/16.02.22 | ₹198668 | ₹45337 | ₹153331 |
| അസിസ്റ്റന്റ് എഞ്ചിനീയർ, KSEB പുത്തൻകുരിശ് സബ്സെക്ഷൻ | 244/22 അമൃത കുടീരം-പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ബിൽ നം. 298/28.02.22 | ₹81852/- | ₹81852/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക(തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ്-KURDFC ലോൺ | 18800000 | 0 | 5368000 | 0 | 13432000 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,77,23,883 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 14,61,142 |
| ആകെ | 3,91,85,025 |
| തൻവർഷം പിൻവലിച്ച തുക | 1,52,18,494 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,39,66,531 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്(ബാങ്ക്/ട്രഷറി /പോസ്റ്റോഫീസ്) | എഫ്.ഡി.രസീത് നമ്പർ | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,പുത്തൻകുരിശ് | 338803030243407 | 79,56,658 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ,പുത്തൻകുരിശ് | 338803030243406 | 79,56,652 |
| 3 | സംസ്ഥാന സഹകരണ ബാങ്ക്(കേരള ബാങ്ക്)<br>ചൂണ്ടി ശാഖ | 051345000001777 | 6,72,847 |
| 4 | വടവുകോട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് | 33046 | 73,80,374 |
| | | ആകെ | 2,39,66,531 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21408/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 1998-99 | 38(5) | 1,050 | സത്യഭാമ കെ.യു. | 121020101648/13.9.21 |
| 2006-07 | 2(2) | 150 | ലീലാമ്മ വി.മത്തായി | 121020103511/04.01.22 |

| | | | | |
|---|---|---|---|---|
| 2019-20 | 1-16 | 3,788 | എസ്.കെ.കൺസ്ട്രക്ഷൻസ് | 121020101730/18.9.21 |
| 2019-20 | 1-13-1 | 1,250 | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ ഡിവിഷൻ,തൃപ്പൂണിത്തുറ | 121020500305/25.11.21 |
| 2019-20 | 1-13-1 | 1,250 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ,കെ.എസ്.ഇ.ബി | 121020500306/25.11.21 |
| 2019-20 | 3-1 | 13,920 | ജയൻ എൻ.മാത്യൂസ് | 121020102141/18.10.21 |
| ആകെ | | 21,408 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാംവകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2000-2001 | 3(a) | 2004-05 | 3.7.1.2.2(1) | വീടുള്ളവർക്ക് വീട് നൽകി യതിലെ തടസ്സം | റവന്യൂ റിക്കവറി പ്രകാരം തുക ഈടാക്കിയ തായിഅറിയിച്ചിട്ടുണ്ട് |
| 2000-2001 | 3(b) | 2004-05 | 3.7.1.2.2(2) | റെജിമോൻ ചക്കരേടത്ത്, കരിമുകൾ - തടസ്സം | റവന്യൂറിക്കവറി പ്രകാരംതുക ഈടാക്കിവരുന്നു. |
| 2013-14 & 14-15 | 2-2 | 2016-17 | അനുബന്ധം 4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 1.മാവേലിസ്റ്റോറിന്റെതൊഴിൽ നികുതി 5000/- രൂപ 15/6/2016 ലെ രസീത് നം. 1160210553 പ്രകാരം ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. 2. മാവേലി സ്റ്റോർകരിമുകൾ-നികുതി ഈടാക്കുവാൻ കഴിയുകയില്ല എന്നറിയിച്ചിട്ടുണ്ട്. 3.തുക ഈടാക്കി യിട്ടില്ല. 4.ബിവറേജസ് കോർപ്പറേഷന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് 5.തുക ഈടാക്കി യിട്ടില്ല. |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി 2690 രൂപ ഈടാക്കണം | തുക 2690 രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| 2015-16 | 2-8 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സ്ഥാപന ങ്ങൾക്ക് നോട്ടീസ് നൽകിയില്ല | പരാമർശത്തിലെ 56 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയതിൽ 37 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നറിയിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കൂടുതൽ തൊഴിലെടുക്കുന്നവർ ഇല്ല എന്ന് സ്ഥാപന ത്തിന് ബോധ്യപ്പെട്ടതായിഅറിയിച്ചു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചാർജ്ജ്/സർചാർജ് സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ.

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1996-97 | 25<br>26 എ<br>26 ബി<br>27 | പി.കെ. ശിവൻ | LF18883/ Spl. Cell/ SC2/ 04, 19.09.04 (ചാർജ്) | 107<br>1225<br>758<br>91<br>------<br>2181 | ₹ 1557/- (8/82969 Dt 31.03.00, 62/82919 Dt 31.03.00) | - | - | - | 1557 | 624 |
| 2 | 1999-00 | 43(1) | പി.എൻ. രാജമ്മ | LF3510/ Spl Cell/ CSC3/06, 01.02.08 | 10000 | | | | | | 10000 |
| 3 | 2004-05 | 3-4(എ)<br>3-4(ബി)<br>3-4(സി)<br>3-4(ഡി) | ബി.സി. രാധാകൃഷ്ണൻ | LF2723/ CS3/ 10, 27.03.10 | 9614 | | | | | | 9614 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹1,825,41,239.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹1,624,93,503.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,20,330.00 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹11,76,286.00 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹76,320.00 | ശ്രീ.മനോജ് ജോസഫ് കൃഷി ഓഫീസർ |
| 3-2 | | ₹10,134.00 | ശ്രീ.മനോജ് ജോസഫ് കൃഷി ഓഫീസർ |
| 3-3 | | ₹33,876.00 | ഡോ.ആഷാ പോൾ സീനിയർ വെറ്റിനറി സർജൻ (റിട്ടയേർഡ്) |
| ആകെ | | ₹1,20,330.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-21 | ₹20000.00 | ഡോ.ബിജി എലിസബത്ത് മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | പാൻജോസ് ഗാർഡൻ 16ബി,പാടിവട്ടം ,കൊച്ചിൻ 24,എറണാകുളം |
| | ₹79250.00 | ഡോ.സിനി ഡാനിയേൽ മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | വില്ല-50 ജിൻജർ കൺട്രി പുത്തൻകുരിശ്,എറണാകുളം |
| 1-24 | ₹37515.00 | ഡോ.സിനി ഡാനിയേൽ മെഡിക്കൽ ഓഫീസർ, | വില്ല-50 ജിൻജർ കൺട്രി പുത്തൻകുരിശ്,എറണാകുളം |

| | | | |
|---|---|---|---|
| | | എഫ്.എച്ച്.സി. | |
| | ₹49501,00 | ഡോ.ബിജിഎലിസബത്ത് മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | പാൻജോസ് ഗാർഡൻ 16ബി,പാടിവട്ടം ,കൊച്ചിൻ 24,എറണാകുളം |
| 1-22 | ₹70612.00 | ഡോ.ആഷാ പോൾ സീനിയർ വെറ്ററിനറി സർജൻ (റിട്ടയേർഡ്) | ഏലൂർ,പന്നിക്കുഴിയിൽ കുമാരപുരം ,പള്ളിക്കര, എറണാകുളം |
| 1-28 | ₹153331.00 | ശ്രീ. പി.എൻ.പ്രസാദ്, സെക്രട്ടറി | പുത്തൻവീട്ടിൽ, തെങ്ങോട് |
| 1-31 | ₹340000.00 | | |
| 1-32 | ₹426077.00 | | |
| ആകെ | ₹1176286.00 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| | | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.ആഷാപോൾ സീനിയർ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | ഏലൂർ,പന്നിക്കുഴിയിൽ കുമാരപുരം പള്ളിക്കര,എറണാകുളം |
| 2 | ശ്രീ.മനോജ് ജോസഫ് കൃഷി ഓഫീസർ | കൃഷി ഓഫീസർ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | കൊല്ലാക്കൽ,വാരപ്പെട്ടി.പി.ഒ മുവാറ്റുപുഴ, എറണാകുളം |
| 3 | ശ്രീ. പി.എൻ.പ്രസാദ്, സെക്രട്ടറി | സെക്രട്ടറി, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് | പുത്തൻവീട്ടിൽ, തെങ്ങോട് |
| 4 | ഡോ.ബിജി എലിസത്ത്, മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, പുത്തൻകുരിശ് | സാന്തോം അപ്പാർട്ട്മെന്റ്, പാടിവട്ടം, എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.1) 158/98/ 13.11.1998 | 2 |
| 1997-98 | എൽ.എഫ്.ഇ.(പി.1) 1049/98/ 02.07.1999 | 3 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ഇ.(പി.1) 1352/00/ 16.07.2001 | 9 |
| 1999-00 | എൽ.എഫ്.ഇ.(പി.1) 871/01/ 05.11.2001 | 14 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 726/05/ 03.07.2006 | 4 |
| 2000-01 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 5 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 1459/03/ 20.04.2004 (പ്ലാൻ) | 6 |
| 2001-02 | എൽ.എഫ്.ഇ.(പി.1) 727/05/ 06.07.2006 | 1 |
| 2002-03 | എൽ.എഫ്.ഇ.(പി.1)97/2007/ 18.10.2007 | 11 |
| 2003-04 | എൽ.എഫ്.ഇ.(പി.1) 1014/07/ 08.07.2007 | 4 |
| 2004-05 | എൽ.എഫ്.ഇ.(പി.1) 570/09/ 10.07.09 | 3 |
| 2005-06 | എൽ.എഫ്.ഇ.(പി.1) 535/09/ 12.12.12 | 3 |
| 2006-07 | എൽ.എഫ്.ഇ.(പി.1) 588/10/ 25.10.2011 | 1 |
| 2007-08 | എൽ.എഫ്.ഇ.(പി.1) 815/10/ 25.10.2011 | 14 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.ഇ.(പി.1) 1634/12/ 12.12.12 | 7 |
| 2011-12 | എൽ.എഫ്.ഇ.(പി.1) 12/2014/ 12.02.14 | തീർപ്പാക്കി |
| 2012-13 | എൽ.എഫ്.ഇ.(പി.1) 272/15 /06.03.2015 | 3 |
| 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.1) 239/16/12.02.2016 | 4 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2050/16/ 15.12.2016 | 5 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.1) 1836/17/7.12.2017 | 5 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.1) 2025/18, 30.10.2018/17.12.2018 | 16 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.1) 01/20, 01.02.2020 | 44 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.1) 488/21, 30.03.2021 | 48 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി.1) 929/22, 08.08.2022 | 30 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം .

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്